
little KITEs
PRESENTS
തണൽ
സർവ്വോദയ ഹയർസെക്കണ്ടറി സ്കൂൾ ഏച്ചോം
2018-19

# ആമുഖം

ആദ്യകാലങ്ങളിൽ കമ്പ്യൂട്ടർ എൻജിനീയർമാരും പ്രോഗ്രാമർമാരും മാത്രം ഉപയോഗിച്ചിരുന്ന വളരെ സങ്കീർണ്ണവും ആമേഖലയിൽ വിദഗ്ധരായ വർക്ക് മാത്രം പ്രാപ്യമായ ഒന്നായിരുന്ന കമ്പ്യൂട്ടർ. പാഠപുസ്തകത്തിൽ ചിട്ടപ്പെടുത്തിയ കേവലമായ വിനിമയത്തിന് അപ്പുറം കമ്പ്യൂട്ടറിന്റെ വിസ്തൃതമായ ലോകത്തേക്ക് നമ്മെ കൈപിടിച്ച് കയറ്റാനായി 'ലിറ്റിൽ കൈറ്റ്സ്' എന്ന കുട്ടികളുടെ ഐടി കൂട്ടായ്മ ഹൈടെക് പദ്ധതിയിലൂടെ കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ നടപ്പാക്കുന്നു. ലിറ്റിൽ കൈറ്റ്സ് യൂണിറ്റിലെ ഒരു പ്രധാന പ്രവർത്തനമാണ് ഓരോ വർഷവും ഒരു സ്കൂൾ ഡിജിറ്റൽ മാഗസിൻ  അതിന്റെ ഭാഗമായി എൽ.പി. മുതൽ ഹയർ സെക്കൻഡറി സ്കൂൾ വരെയുള്ള വിദ്യാർത്ഥികളുടെ സമ്പൂർണ പങ്കാളിത്തത്തിൽ മാഗസിൻ തയ്യാറാക്കിയിരിക്കുന്നു  ഒരു വർഷത്തെ പ്രവർത്തനങ്ങൾ ക്രോഡീകരിച്ച് പാഠ്യ പാഠ്യേതര വിഷയങ്ങൾ  ഉൾപ്പെടുത്തി കൊണ്ട് അംഗങ്ങളുടെ നേതൃത്വത്തിൽ സാങ്കേതിക സഹായത്തിലും പ്രവർത്തനങ്ങൾ നടത്തി .

ഈ മാഗസിന് അപ്പുറമായി നൂതനസാങ്കേതികവിദ്യ ലോകത്തേക്ക് ഇനിയും വളരാൻ നമുക്കേവർക്കും സാധിക്കട്ടെ എന്ന് ആശംസിക്കുന്നു

ലിറ്റിൽ കൈറ്റ്സ് സർവ്വോദയ

Dear Friends,

The need of the hour is to root students firmly in an enabling and constructive work for their meaningful blossoming.I am glad that to meet these needs Sarvodaya School is publishing a digital magazine this year. It is a great initiative on the part of the students to gain an opportunity to publish their artistic work.This will act as a spring board for honouring skills and harnessing Unbound talents of learners with unique talents. Some of the great poets and short story writers published their work first in School magazines. I wish that some of the budding artists of the school will become well known national literary figures.I value this students' venture and appreciate the school administration for encouraging young talents.

"May God bless you to attain greater heights in creative expression".



Dr. E.J.Thomas . S.J
Manager
sarvodaya hss eachome

# ആശംസ

അനതിനം വളരുകയും അതിശയിപ്പിക്കുകയും ചെ യ്യുന്ന സാങ്കേതികവിദ്യയെകൈപ്പിടിയിലൊതുക്കി വളരാനും മറ്റുള്ളവരെ അതിശയിപ്പിക്കാനും കഴിയു മ്പോഴാണ്പഠനം അസ്വാദകരമാകുന്നത് ലിറ്റിൽ കൈറ്റ്സ് അതിനുള്ള വിളനിലമാണ് ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങളുടെ ഭാഗമായി തയ്യാറാക്കുന്ന ഡിജിറ്റൽ മഗസിന് എല്ലാവിത ആശംസകളും നേരുന്നു.



തോമസ് വി.ഡി
(പ്രൻസിപ്പാൾ)

# ആശംസ

ലിറ്റിൽ കൈറ്റ്സ്-
വിവരസാങ്കേതികവിദ്യാഭ്യാസത്തിലെ ഒരു പുത്തൻ
ചുവടുവെപ്പാണ്. എല്ലാക്ലാസ്മുറികളും ഇന്ന്
ഹൈടെക്കായിമാറിയതിലൂടെ
വിശാലമായൊരു ലോകത്തിലേക്കാണ്
പഠനപ്രവർത്തനങ്ങൾ വളർന്നിരിക്കുന്നത്.
ഇതിന്റെഭാകമായി വിദ്യാഭ്യാസവകുപ്പ് ഐ.സി.ടിയിൽ
താൽപ്പര്യമുള്ളകുട്ടികളെ കണ്ടെത്തി മികവിലേക്കു
യർത്താനാണ് ലിറ്റിൽ കൈറ്റ്സ് ക്ലാസ്
തുടങ്ങിയിരിക്കുന്നത്. ചുരുങ്ങിയ കാലത്തിനുള്ളിൽ
തന്നെ അൽഭുതാവഹമായ വളർച്ചയാണ് ലിറ്റിൽ
കൈറ്റ്സ് നേടിയിരിക്കുന്നത്.

സർവോദയയിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ വിവിധങ്ങളായ നല്ല പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നതിൽ അഭിമാനിക്കുന്നു. ഡിജിറ്റൽ മാഗസിൽ ഇതിൽ പ്രധാനപ്പെട്ട ഒരിനം മാത്രം . കുട്ടികൾ തന്നെയാണ് ഇതിന്റെ എല്ലാ പ്രവർത്തങ്ങളും ചെയ്യുന്നത് എന്നറിക്കുന്നതിൽ വളരെ- സന്തോഷം ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ ഏവരെയും അറിക്കുന്നു കുട്ടി പട്ടങ്ങൾ കൂടുതൽ കൂടുതൽ ഉയരങ്ങളിലേക്ക് പറന്നുയരട്ട

ഹെഡ്മാസ്റ്റർ
സർവ്വോദയ ഹയർസെക്കന്ററിസ്കൂൾ
എച്ചോം



# ആശംസ

രസകരമായി ആയാസരഹിതമായി സാങ്കേതികവിദ്യ കുട്ടികൾക്ക് സ്വന്തമാക്കാൻ ലിറ്റിൽ കൈറ്റ്സ് ചെലുത്തുന്ന സ്വാധീനം വലുതാണ്. കുട്ടികളിൽ ഓരോ ദിവസവും ഉണ്ടാകുന്ന മാറ്റവും വളർച്ചയും വളരെ പ്രത്യക്ഷമാണ്. ലിറ്റിൽ കൈറ്റ്സ് എന്ന ചെറിയ ഗ്രൂപ്പിലൂടെ സ്ക്കൂളിലെ മുഴുവൻ കുട്ടികളും സാങ്കേതികവിദ്യ അനായാസം കൈകാര്യം ചെയ്യാൻ കഴിയട്ടെ എന്നും അതുവഴി അവർ ബന്ധപ്പെടുന്ന സമൂഹം മുഴുവൻ ആധുനിക സാങ്കേതികവിദ്യ ഉപയോഗിക്കുന്നതിൽ പ്രബുദ്ധരാകട്ടെ എന്നും ഞങ്ങൾ ഒന്നുചേർന്ന് ആശംസിക്കുന്നു. ലിറ്റിൽ കൈറ്റ്സ് കുട്ടികളുടെ വലിയ ഒരു മികവാണ് കുട്ടികൾ തന്നെ നേതൃത്വം കൊടുത്ത് തയ്യാറാക്കിയിരിക്കുന്ന 'തണൽ' ഡിജിറ്റൽ മഗസിൻ നടപ്പുവർഷത്തെ മുഴുവൻ സ്കൂൾ പ്രവർത്തനങ്ങളും അടങ്ങുന്ന  ഈ മാഗസിൻ ഇതിനെല്ലാം തെളിവാണ്. ഇതിന്റെ എല്ലാ പ്രവർത്തനങ്ങളും ഏവർക്കും സ്വീകാര്യമാകുംവിധം ആകർഷകമാകട്ടെ എന്ന് ആശംസിക്കുന്നു പ്രാർത്ഥിക്കുന്നു.





ഷനിൽ ഇ ജെ
ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ

സി. ബിൻസി ജോസഫ്
ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്

# ഉള്ളടക്കം

## കവിത


- അന്ധതമസ
- മഴ
- ഇഷ്ടമമാണണേണറ
- ONCE AGAIN
- ബാല്യകലം
- നാവികസേനതൻ
- അമ്മയയെന്ന സ്വർഗ്ഗം
- അമ്മമനസ
- ജീവ ജ്യോതി


## കത്ത്


- റോബപ്രിൻ സൺ ക്രുസറോയ് ക്ക്
- പ്രിയപ്പപ്പെട്ട അച്ഛനന് ഒരു കത്ത്


## കഥ


- ഇല്ലതത്തെ ഉണ്ണി
- ചെകുത്താന്റെ തുരങ്കത്തിലെ യത്ര
- കൃ ഷിക്കാരൻെറ പശു
- കൈയിലെ അഞ്ചു രൂപ

# ഉള്ളടക്കം

## നാടൻപാട്ട്


- തിന്താരെ തിന്താരെ തക
- അരരികറുക ചെറുകറുക


## ലേകനം


- അമ്മ
- അമ്മമനസ്സ്
- പരിസ്ഥിതി സംരക്ഷണം
- എന്റെ ഗ്രാമ്മം
- മണ്ണിൻെറ മക്കൾ
- അമ്മ
- കേരളതത്തിന്റെ ചറാപുഞ്ചി എവിടെയാണ് മറയുന്നത്


## കലയില്ലൂടെ

# ഉള്ളടക്കം

മികവ്

നിമിഷങ്ങളിലൂടേ

ലിറ്റിൽ കൈറ്റ് .

മലയാള തിളക്കം

ഹലോ ഇംഗ്ലീ ഷ്

സേനാ ദിനം

ശിശു ദിനം

വെള്ളപ്പൊക്ക സ്കോളർഷിപ്പ്

ഫുട്ബോൾ ലോകകപ്പ്

പരിസ്ഥിതി ദിനം

പരിസ്ഥതരി ക്ലബ് പ്രവർത്തനങ്ങൾ

കുച്ചി പ്പുടി

എൻ എസസ് എസസ് ക്യാമ്പ്

അവാർഡ് ദിനം

സ്കൌട്ട് ക്യാമ്പ്

ഭിന്നശേഷി ദിനാചരണം

+1 പ്രവവേശനന

ക്ലസ് ഫോട്ടോ

നന്ദി

# അന്ധതമസ്സ്

കാണുവാൻ വയ്യ ഒന്നുമീ അന്തതമസ്സിൽ
എങ്കിലും കാണാം ഏഴഴകുള്ളൊരു
ചാരുതയേറ്റൊരു അന്തതസ്സിനെ
അന്തതമസ്സിനു സങ്കീർത്തനം ചൊല്ലി
സ്വസ്തി യേകണം നാമൊരുനാൾ
പകത നിശ്ശബ്ദതയിലിരുന്നിട്ടു
രജനിയിൽ വന്നെത്തും അന്ധതമസ്സ്
ഭാഗീരവീകച്ഛം ഭംഗിയാക്കുന്നത്
അന്ധതമസ്സുൻ കരങ്ങളല്ലോ
സാനുജനോടൊപ്പം സത്വരം വന്നെത്തും
സുകൃത ലോകത്തിൽ വാഴുന്നവനല്ലോ

എവിടുന്നു വന്നെത്തുന്നവനാണി
അന്ധതമസ്സ്
ദിഗ്യ ജയിക്കുന്നവനാണീ അന്ധതമസ്സ്
ഭയമാണെനിക്കാദ്യമന്തതമസ്സിനെ
പ്രിയമാണെനിക്കിപ്പോഴന്തതമസ്സിനെ



surya.n.s
10 c

# മഴ

നാമൊരിക്കൽ നനഞ്ഞൊരാഷാഢവും ചൂടി
അന്നു നടന്ന വഴികളിൽ
വേനലായ് മഞ്ഞുവന്നുപോയ്
രാത്രിവീണയുമായി ഏകാകിയാം യാത്രികൻ വന്നു
വീണ്ടുമീ കർക്കിടകം എത്രയെത്രയോ
കാലമായെങ്കിലും അല്പനാൾ മുമ്പിലെന്നപോൽ
ജനലിൽ ഒറ്റ മിന്നലിൽ വീണ്ടും പഴയ ഞാൻ
കാറ്റുതൊട്ടാൽ വീഴുമീ വേരുകൾ പൊട്ടിയില്ലെങ്കിലും
മെല്ലെ തളിരുകൾ ഏറ്റുവാങ്ങിടുന്നൊരി
മഴ ചാറ്റലിൽ ഞാറ്റുപാട്ടും നിറഞ്ഞ ചങ്ങാത്തവും
ഓമനിച്ചവരെല്ലാം പിരിഞ്ഞുപോയി
ഓടിവന്ന വസന്തം തിരിച്ചുപോയി
ഓർമകൾക്കില്ല മരണത്തിൻ ചിതകൾ ഊന്നുകോലും
ജലനിര ദുഃഖം.
നാമൊരിക്കൽ നനഞ്ഞൊരാഷാഢവും ചൂടി
അന്നുനടന്ന വഴികളിൽ .
വേനലായി മഞ്ഞുവന്നുപോയി
പിന്നെയോ  പിന്നെയോ ,
കനൽ മാത്രം എരിഞ്ഞു .

പുഷ്പമാകും പരാഗമായും
മഹാവൃക്ഷമാകേണ്ട ബീജമായും .
അത്ഭുതങ്ങൾ അറിഞ്ഞൊരാ നാളുകൾ
ചഞ്ചലമായി നിൻ  കുളിർമഴയിലേക്ക്
നിസ്തേജനന്റെ സൂര്യനെ നീ
മഴവില്ലിന്റെ ഇന്ദ്രജാലം പടിപ്പിച്ച നാളുകൾ
നീരുറവകൾ നീണ്ട നിഴലുകൾ
ഈറനായി വീണുനിൻ തണുത്തസ്പർശം .
ആയിരങ്ങൾക്കിടയിലൊരു പുഞ്ചിരി
തേടുമുള്ളിലെ ഗ്രാമീണപീഡനം നീന്തിക്കടക്കേ
ഉച്ചത്തിലായ് ദൂരെ പക്ഷിതൻ രോദനം .



നിയാ റോസ്
9-A

# ഇഷ്ടമാണേറേ....

ഗ്രാമത്തിലാണെന്നമ്മമ്മതൻ വീട്
ഭൂമിതൻ മടിയായ ഗ്രാമത്തിൽ
പുൽകൾ പുഴക്കൾ അടങ്ങിയ
വിസ്തൃതമായൊരു ഭൂമിതൻ ഗ്രാമം
പ്രകൃതിതൻ സൗന്ദര്യമേന്തുമി
ഗ്രാമത്തിൽ പോയി ഞാൻ അന്നൊരുനാളിൽ
സ്നേഹം തുളുമ്പുമാ മുഖവും കൈകൾതൻ
സ്നേഹത്തോടെയെൻ നെറുകിൽ തഴുകി
അമ്മമ്മതൻ സ്നേഹം ഞാൻ രുചിച്ചറിയുമ്പോൾ
അമ്മമ്മയോടടങ്ങടുത്തുപോയി ഞാൻ
അമ്മമ്മതൻ രുചിയേറും ആഹാരം
കൈക്കുമ്പിളിൽ ആക്കി വാരിത്തരുമ്പോൾ
എന്തൊരാശ്വാസമെന്നിൽനിന്നുണരവേ.
സ്നേഹിച്ചുപോയെന്നമ്മമ്മയെ.

ആ ചൂടുപറ്റി ഉറങ്ങി ഞാൻ അന്ന്
അമ്മമ്മതൻ അടുത്ത് ഉറങ്ങിയല്ലോ.
കാലമങ്ങനെ കടന്നുപോയങ്ങനെ
ഒരു ദിവസമാ ദു:ഖവാർത്ത.

കാലമങ്ങനെ കടന്നുപോയങ്ങനെ
ഒരു ദിവസമാ ദു:ഖവാർത്ത.
“ബന്ധുതൻ വീട്ടിൽ പോയതാണമ്മമ്മ
കുഞ്ഞു വിഷമിക്കാതെ കിടക്കൂ.”
എന്ന വാക്കുമുച്ചരിച്ചമ്മ പോയപ്പോൾ
ഏകനായിരുന്നു ഞാനാമുറിയിൽ
ദിവസങ്ങളേറേ കടന്നുപോയെങ്കിലും
അമ്മമ്മതൻ ഓർമ്മ മാഞ്ഞില്ലല്ലോ
അന്നൊരു നാളിലെൻ കൂട്ടുകാരോടൊത്ത്
ഞാനെത്തിയൊരേകാന്തവൃദ്ധാലയത്തിൽ
കണ്ടോരാകാഴ്ചയെൻ കണ്ണുനിറഞ്ഞുപോയ്
പൊട്ടികരഞ്ഞുഞാനാനിമിഷം
ബന്ധുതൻ വീട്ടിൽ പോയെന്നമ്മമ്മ
വൃദ്ധാശ്രമത്തിൽ പടിയിൽ നിൽപ്പൂ.
പിന്നെയാസത്യമറിഞ്ഞുപോയി ഞാൻ
എൻ മാതാപിതാക്കൾതൻ ക്രൂരത
സ്നേഹവതിയാമെന്നമ്മമ്മയെ.

ഇവിടെ നടതള്ളിയെൻ വീട്ടുകാർ
കെട്ടിപ്പിടിച്ചുകരഞ്ഞുപറഞ്ഞു ഞാൻ
ഇഷ്ടമാണേറേയെന്നമ്മമ്മയെ
ആ വാക്കിൽ ഹൃദയം നൊന്തുപോയിയങ്ങനെ
വീണ ചുടുകണ്ണീർത്തുള്ളികൾ
മറുപടിയാണാകണ്ണീർത്തുള്ളികൾ

മാതാപിതാക്കളെ തെരുവിലേക്കെറിയുന്ന
മക്കളോടുള്ള മറുപടിയാണത്
ഇഷ്ടമാണേറേയെന്നമ്മമ്മയെ
ഈ ജീവിതം തീരുന്നവരേക്കുമെനിക്ക്.



ഹരി സൂര്യ
9 ബി

# ONCE AGAIN

Now the morning sunshine fades
And my hands with wringles
All I have is the last leaf
about to fall.

Back then when the bright sun wakes
Dew drops slides down
Through my bush green leaves
The spring had seen my beauty

When the blood red buds bloomed
The fragrance had made
My veins warm
The roots penetrate

Deep and wide
Reaching for its soul mate
Facing the blue sky
I stand with my backbone straight

And then at my side
The lovers met
Days passed and
Memories were made

But I stood unknown
In the faded light
It can happen  only in my fantasy
But I wish for my younger
Days ones again

As the summer passes

The autumn mind
Will whisper the fall of my last leaf



*by*
*Anin*

# ബാല്യകാലം

അന്നഞ്ഞാനോടിക്കളിച്ച കാലം
മണ്ണപ്പംചുട്ടുകളിച്ചകാലം
അമ്മതൻ മാറിൽ കിടന്ന കാലം
മുത്തശ്ശിക്കഥകൾ കേട്ടകാലം
"അമ്മ"എന്ന് ആദ്യം പറഞ്ഞ കാലം
ഇന്നെന്റെ വീട്ടുകാർ എങ്ങുപോയി
ഏങ്ങുപോയ് ഇന്നെന്റെ ബാല്യകാലം

പാട്ടുകൾപാടിരസിച്ചകാലം
ഗുരുക്കൾ പകർന്ന അറിവുകളും
നല്ല ശീലങ്ങൾ പരിശീലിച്ചതും
മറക്കില്ല ഞാൻ മറക്കില്ല ഞാൻ

കുട്ടി കവിത പഠിച്ചകാലം
അച്ഛന്റെ സ്നേഹവാത്സല്യങ്ങളും
കളിച്ചും ചിരിച്ചും രസിച്ചക്കാലം
എങ്ങുപോയ് ഇന്നെന്റെ ബാല്യകാലം.



-ഡാനിയ ബിനു.
8.d

# നാവികസേനതൻ

നാവികസേനതൻകരങ്ങൾ
അൽപ്പപ്രചേതനയും കൊണ്ടോടുന്നു.

ഈ പേമാരിയിലും ആനന്ദ
മായൊരു പൊൻകിടാവിൻ
വരവേൽപ് പരിസ്ഥിതിയാകെ
തണ്ണീർ കണങ്ങളായി.
കേരവൃക്ഷങ്ങൾ നിറഞ്ഞനാടിപ്പോൾ
പ്രളയത്തിൻ പുത്രൻ എന്നൊരാ വിളിപ്പേര്
ദൈവത്തിൻ സ്വന്തം
നാടിനെ ഇന്ന് ദൈവംതന്നെ
പരോക്ഷമായി നിൽക്കുന്നു
പാവയും പാത്രവും പാഠ
പുസ്തകങ്ങളും അറബിക്കട
ലിൻ പൂമുഖത്തെത്തിയിരിക്കുന്നു
ഒരു സ്വരമോടെ മാനവർതൻ
ഖേദമറിയിക്കുന്നു
ആ ദൃശ്യം ഭൂമിതാളുകളിൽ
ദൃശ്യമുള്ളതായി മാറുന്നു
മാനവമനസ്സിൻ പോലെയും

നാവികസേനതൻ കരങ്ങൾ
അൽപ്പചേതനയും കൊണ്ടോടുന്നു.

ഈ പേമാരിയിലും ആനന്ദ
മായൊരു പൊൻകിടാവിൻ
വരവേൽപ് പരിസ്ഥിതിയാകെ
തണ്ണീർ കണങ്ങളായി.
കേരവൃക്ഷങ്ങൾ നിറഞ്ഞനാടിപ്പോൾ
പ്രളയത്തിൻ പുത്രൻ എന്നൊരാ വിളിപ്പേര്
ദൈവത്തിൻ സ്വന്തം
നാടിനെ ഇന്ന് ദൈവംതന്നെ
പരോക്ഷമായി നിൽക്കുന്നു
പാവയും പാത്രവും പാഠ
പുസ്തകങ്ങളും അറബിക്കട
ലിൻ പൂമുഖത്തെത്തിയിരിക്കുന്നു
ഒരു സ്വരമോടെ മാനവർതൻ
ഖേദമറിയിക്കുന്നു
ആ ദൃശ്യം ഭൂമിതാളുകളിൽ
ദൃശ്യമുള്ളതായി മാറുന്നു
മാനവമനസ്സിൻ പോലെയും

By Albin T.J

# അമ്മയെന്ന സ്വർഗ്ഗം

അമ്മ സ്നേഹത്തിൻ മഹാസമുദ്രം
എന്നെ എന്നും മാറോടണച്ച പുണ്യം ...
ഒരായുഷ്ക്കാലം ഹ്രദയത്തിൽ എന്നെ
കൊണ്ടുനടന്ന പുണ്യം ....
എൻ കുസൃതികൾ ,
എൻകുറുമ്പുകൾ എല്ലാം ആസ്വദിച്ചൊരെന്നമ്മ
അമ്മതൻ നെഞ്ചോടുചേർന്നു താരാട്ടു
പാട്ടിന്റെ താളത്തിൽ എന്നും മയങ്ങി
ഞാൻ വെയിലേയറ്റു വാടിയ എൻ
നെറ്റിത്തടത്തിൽ ...
സ്നേഹവും വാത്സല്ല്യവും വിരിച്ചു
തണുപ്പേകിയ എൻ അമ്മതൻ
സാമിപ്യം ...

അൻജുകുരിയാക്കോസ്.

# അമ്മമനസ്സ്

സ്നേഹത്തിൻ നിധിയായ്
ദൈവമെനിക്കുതന്നൊരു
വരദാനമാണെന്നമ്മ
അമ്മതൻമടിയിൽ
തലചായ്ച്ചുറങ്ങുന്നതെൻ-
ഭാഗ്യമാണെന്നു ഞാൻ
കരുതി. ഇടിതൻ മുഴക്കവും
പേമാരിതൻ ശക്തിയും
എന്നെഭയപ്പെടുത്തിയനേരം.
ഓർത്തുഞാൻ അമ്മതൻ
സങ്കടങ്ങൾ പഴകഞ്ഞികോ-
രിത്തരുമ്പോഴുമമ്മതൻ
കണ്ണുനീരിപ്പും വീണലിഞ്ഞു.

പനിയായ് കിടന്നാലോ
വേവലാതിതൻ എന്നമ്മതൻ
മനസ്സിനുള്ളിൽ പത്തുമാസം
ചുമന്നു പ്രസവിച്ച അമ്മതൻ
സ്നേഹത്തെ പറഞ്ഞറിയിക്കേണ്ടതില്ല.

പിന്നെയോ മനുഷ്യർ പെറ്റമ്മയെ
അനാഥാലയമുറ്റത്തിൽ
വലിച്ചെറിയും.
അമ്മതൻ കണ്ണുനീർ
കാണാൻ പോകാതെ
അമ്മയെ മറന്നിടും
ഈ ലോകമെങ്ങും.
ഐശ്വര്യത്തിൻ
പ്രതീകമാം അമ്മതൻ
ആശ്വാസം തട്ടിത്തെറിപ്പിക്കു
മാജനങ്ങൾ.

അമ്മതൻ
ഇഷ്ടങ്ങൾ തിരിച്ചറിയാൻ
പോലും സമയമില്ലാതെതാ-
രുനാടിൻ ഖിന്നത നോക്കിനിൽക്കേ
പിന്നെ ഞാൻ ഓർത്തു അമ്മതൻ
സ്നേഹം ദൈവക്രുപപോൽ
എന്നിൽനിറയും. അമ്മതൻ
പ്രാർത്ഥന എന്നെ അപകടങ്ങളിൽ
നിന്നരക്ഷിച്ചീടും അതുപോലെ
ഞാനും അമ്മയെ ജീവനതുല്യം
സ്നേഹിച്ചു സന്തോഷങ്ങൾ
കൊടുക്കുകയും അവരെ
വേദനിപ്പിക്കാതിരിക്കുകയും
ചെയ്യുന്ന നമ്മളുടെ നന്മതൻ
അമ്മതൻ സ്നേഹം.



ഹരിസൂര്യ .പി.എസ്
9:B

# ജീവ ജ്യോതി

മഴവിൽ ചിറകുമായി പാറിപറക്കുന്ന
ശലഭം വണങ്ങുന്നതാരെ?
പുൽമേട് തിരയുന്ന മാൻപേടതൻ കണ്ണിൽ
നിറയുന്നതാരുടെ രൂപം?
ഓളങ്ങളിൽ നീരാടിത്തുടിക്കുന്ന
മത്സ്യം തിരയുന്നതാരെ?
ഈണമേറും ശ്രുതിനാദങ്ങളാലേ
കുയിലമ്മ നമിക്കുന്നതാരെ?

കളകളമൊഴുകുന്ന പുല്ലിനുപോലും
ജന്മം കൊടുത്ത ചൈതന്യത്തിനെ
പരമാണുതന്നിലും തുടിക്കുന്ന
ജീവനാം ജ്യോതിസ്സിനെ

ആദി ജ്യോതിസ്സിനെ സുവർണ്ണ തേജസ്സിനെ
കാരുണ്യമൂർത്തിയാം സ്നേഹരൂപനെ
ഓംകാരമായി കാതിൽ പതിക്കുന്ന
പരമചൈതന്യമാം സ്രഷ്ടാവിനെ****

സനിയ.പി.സണ്ണി
S+1സയൻസ്

© Copyright 2011 www.sparklebox.co.uk

പ്രിയപ്പെട്ട റോബിൻസൺ ക്രൂസോയ്ക്ക്
ഒരാധികയെഴുതുന്നത്,

നിങ്ങളുടെ മഹനീയനുഭവങ്ങളെ ഞാൻ വളരെയധികം വിലമതിക്കുന്നു.
പ്രകൃതിയുടെ സ്വച്ഛമായ വാത്സല്യത്തിന്റെ മടിയിൽ താലോലിക്കപ്പെട്ട് യുവത്വം ചിലവഴിച്ച നിങ്ങളെ പോലെയൊരു ഭാഗ്യവാനെ ഞാൻ വളരെയധികം ബഹുമാനിക്കുന്നു. സമുദ്രത്തിന്റേയും ആരണ്യത്തിന്റേയും സ്നേഹവും കരുതലും നേരിട്ടനുഭവിക്കാൻ നിങ്ങൾക്ക് സാധിച്ചു. ഏകനായി ഒരു ദ്വീപിൽ മരണത്തെ മുഖാഭിമുഖം കണ്ട് ജീവിച്ച നിങ്ങൾ എന്നിൽ അസൂയ ജനിപ്പിച്ചു. കാരണം ഏകാന്തത ഇന്നത്തെ ഒരു മനുഷ്യനും തോൽപ്പിക്കാൻ കഴിയാത്ത അജയ്യതയാണ്.

പിതാവിന്റേയാഗ്രഹം നിരാകരിച്ചതിൽ നിങ്ങൾ കരഞ്ഞതുപോലെ കരയാൻ എനിക്കെന്നല്ല ഇന്നത്തെ ഒരു യുവമിഥുനത്തിനും സാധിക്കുന്നില്ല എന്ന കാര്യവും നിങ്ങളുടെ ജീവിതത്തെ പരിചയപ്പെട്ടപ്പോൾ ഞാൻ വിസ്മരിക്കുന്നില്ല . വളരെ വികൃതമായൊരു ഭാഷയും , അതിനോടൊത്ത് പ്രകൃതിക്കെതിരേയും പിതാമഹന്മാർക്കെതിരെയും ഒരു സംസ്കാരവും വളരുന്നത് ഞാൻ തിരിച്ചറിഞ്ഞു.

സ്വാതന്ത്ര്യമെന്നാൽ സർവ്വവും നശിപ്പിക്കലെന്നാണ് ലോകത്തിന്റെ കണ്ടുപിടുത്തം.



© Copyright 2010, SparkleBox Teacher Resources Ltd

മനസ്സിന്റെ വിചിത്രമായ മോഹങ്ങൾ ഇതുവരെയുള്ള മനുഷ്യന്റെ അസ്ഥിത്വത്തെ തച്ചുടയ്ക്കുന്നു. തൽസമയത്തുണ്ടാകുന്ന വിചാരങ്ങൾക്കനുസരിച്ച് വേഷവിധാനങ്ങൾ മാറ്റി ജീവിക്കുന്നവരും പിഞ്ഞികീറിയ വസ്ത്രം മാറ്റി മൃഗങ്ങളുടെ തോലിരിഞ്ഞ് ധരിക്കേണ്ടി വന്ന നിങ്ങളും തമ്മിലുള്ള അന്തരം വളരെ വലുതാണ്. ആത്മാർത്ഥമായിട്ടും പ്രകൃതിയുടെ ഏകാന്തതയിൽ ലയിക്കുവാനും ചെയ്ത  തെറ്റുകളോർത്ത് കരയാനും ഞാനാഗ്രഹിക്കുന്നു.നിങ്ങൾക്കറിയാമോ, എന്റെ ഒരു സഹോദരനെഇവർ കൊന്നു. എങ്ങനെയെന്നോ? മർദ്ധിച്ചവശനാക്കി മോഷണകുറ്റമാരോപിച്ച് , മധുവിനെപോലെ എത്ര പേർ? ദളിതർക്ക് ഇന്ത്യയിൽ പ്രവേശനമില്ലെന്ന് പറയാതെ പറയുന്നവരാണ് ഇവർ. എന്നാൽ മനുഷ്യത്വം ഒരിക്കലും അവസാനിക്കുന്നില്ലല്ലോ? ഒരു മഹാപ്രളയം എന്റെ കേരളത്തെ മുഴുവൻ തകർത്തിരുന്നു. എന്നാൽ എത്ര മനുഷ്യരാണ് സ്വയം മറന്ന് പരസ്പരം തണലായി വർത്തിച്ചത്എന്നാലതും ദുരുപയോഗപ്പെടുന്നു. നരഭോജിയായ ഒരു മനുഷ്യനെ കൂടെ താമസിപ്പിച്ച് അയാളെ സ്നേഹം കൊണ്ട് തോൽപ്പിച്ചില്ലെ നിങ്ങൾ?


© Copyright 2010, SparkleBox Teacher Resources Ltd

മൃഗങ്ങൾക്ക് ഹോസ്പ്പിറ്റലും ഹോസ്റ്റലും നിർമിച്ചുകൂട്ടി മനുഷ്യരെപ്പോഴും പൂഴി തിന്ന് ജീവിക്കുന്ന ചിത്രവും ഇന്നുണ്ട് . അതേ സമയം മലകൾ മുഴുവൻ ഇടിച്ച് നിരത്തി അവിടെയുള്ള മൃഗങ്ങൾക്ക് ശവക്കുഴി നിർമിക്കുന്ന ഒരു ഭ്രാന്തൻ രീതിയും ഇന്നുണ്ട് ജീവനോടെ വെന്തു മരിക്കാനോ അല്ലെങ്കിൽ മുങ്ങിമരിക്കാനോ എന്ത് വേണമോ. നിങ്ങളുടെ ജീവിതം ഒരിക്കലും എന്റെ ഹൃദയത്തിൽ നിന്നും മായുന്നില്ല. പറയാനിനിയും ഏറെയുണ്ട്, ഞാൻ നിർത്തുന്നു.

എന്ന് ആൻമരിയ





© Copyright 2010, SparkleBox Teacher Resources Ltd

# പ്രിയപ്പെട്ട അച്ഛന് ഒരു കത്ത്

പ്രിയപ്പെട്ട അച്ഛന്

എൻെറ ജീവിതത്തിൽ ഏറെ
സ്വാധീനിച്ചു ജീവിതമെന്ന
മഹാവേദിയിലേക്ക്
കൈപിടിച്ചുയർത്തിയ ആകാശത്തിന് എത്ര
വിശാലതയുണ്ടോ കടലിന് എത്രത്തോളം
ആഴമുണ്ടോ അത്രത്തോളം ഞാൻ സ്നേഹിച്ചത്
അച്ഛനെയാണ് ഇന്നും അച്ഛൻെറ കൂടെ
ആരോഗ്യവാനായി സന്തഷത്തോടെ
ജീവിക്കുന്നതിൽ ഞാൻ ഏറെ സന്തോഷിക്കുന്നു
ഒരു പക്ഷെ ഞാൻ നേരിട്ട് പറയുന്നതിലുപരി
ഈകത്തിലൂടെ എൻെറ അച്ഛൻ
എന്നിൽ എത്രത്തോളം സ്വാധീനം
ചെലുത്തിയെന്ന് അറിയാം.

ചേച്ചിക്ക് പത്താം ക്ലാസ്സിൽ ഫുൾ a+
കിട്ടിയപ്പോൾ അച്ഛൻ ഏറെ
സന്തോഷിച്ചു. അന്ന് ചേച്ചി
പറയുകയുണ്ടായി ഇത്രയും കാലം
ടോർച്ചർ
ചെയ്യുകയായിരുന്നു. പക്ഷെ അതിൽ
ഒരു സങ്കടവും
എനിക്കുണ്ടായിരുന്നില്ല. ആ വാക്കുകൾ
എന്നിൽ
വാശിയും,ആവേശവും ഉണർത്തി
.എന്നിൽ പരിശ്രമിക്കാനുള്ള ത്വര
ഉണർത്തുകയുമായിരുന്നു.

വാക്കുകളുടെ ശക്തി കൊണ്ട് പലപ്പോഴും പലരും അച്ഛന്റെ മന്നിൽ തോറ്റു പിന്മാറുകയായിരുന്നു .പക്ഷേ പലപ്പോഴും എന്റെ മുന്നിൽ അച്ഛൻ തോറ്റ തരുകയായിരുന്ന . പഠിക്കാൻ ഏറെ മടിയായിരുന്നു എന്നെ ചിന്തിച്ച് അമ്മ വേവലാതിപ്പെടുമ്പോൾ അച്ഛൻ ഒരു പുഞ്ചിരി മാത്രം പുറപ്പെടുവിക്കുന്നത് ഞാൻ കാണാറുണ്ട്.ജീവിതവേദിയിൽ പിച്ചവച്ചുനടക്കുമ്പോൾ,കാലിടറി വീഴുമ്പോൾ കൈ പിടിച്ച് താങ്ങായി വന്നു

അച്ഛൻ.ജീവിതമാകുന്ന യാത്രയിൽ കരുതേണ്ട മൂല്യങ്ങൾ എന്നിലേക്ക് പകർന്നു തന്നു.ഒരു  അച്ഛൻ എന്നതിലുപരി ഒരു കൂട്ടുകാരനാ‍യ ി,ഗുരുവായി എന്റെ കൂടെ  അച്ഛൻ എന്നും ഒരു വഴികാട്ടിയായ് മാറ ി.തെറ്റുകൾ ചെയ്യുമ്പോൾ ശിക്ഷകൾ നൽകിയും സ്നേഹത്തോടെ തെറ്റു തിരുത്തുകയുംസമ്മാനങ്ങൾ ലഭിക്കുമ്പോൾ അഭിനന്ദിക്കുകയും ചെയ്തു.മറ്റാർക്കും നൽകാത്ത വലിയൊരു സ്വാതന്ത്ര്യം എനിക്ക്  അച്ഛൻ നൽകി.

ഇനിയും എന്റെ ജീവിതത്തിൽ ഒരു മാർഗദീപമായി അച്ഛൻ ഉണ്ടാകണം.സ്കൂളിൽ നിന്ന് കത്തെഴുതാൻ പറഞ്ഞപ്പോൾ എന്റെ മനസ്സിലേക്ക്ഓടിയെത്തിയ ആമുഖത്തെ ഞാൻ ഏറെ ആരാധിക്കുന്നു. എന്റെ സ്വപ്നങ്ങൾ സഫലമാകുമ്പോൾ അത് കണ്ട് ആനന്ദിക്കാനും അഭിമാനിക്കാനും പ്രചോദനം നൽകുവാനും അച്ഛൻ എന്റെ കൂടെ ഉണ്ടാകണം.

എന്ന്



ആരതി.

9A

# ഇല്ലത്തെ ഉണ്ണി

ഇന്ന് ഞാൻ സ്കൂളിൽ പോകില്ല.ഉണ്ണിക്കുട്ടന്റെ വാശിയെ  അമ്മ അംഗീകരിച്ചില്ല.കാരണം അന്വേഷിച്ചപ്പോൾ പുതിയ സ്കൂൾ യൂണീഫോമിന് ഭംഗി പോരാത്രേ.ഇത്ര അഹംകാരം കുട്ട്യോൾക്ക് നല്ലതല്ല.ഈ തുണി എടുത്തടിക്കാൻ എത്ര്യായീന്നാ ന്റെ വിചാരം?

മനസ്സില്ലാമനസ്സോടെ അവൻ അമ്മയുടെ വാക്ക് അനുസരിച്ചു. ഇട്ടു നോക്കിയപ്പോൾ ഷർട്ടിന് ളുവാലയുടെ നീളവും തോർത്തിന്റെ വീതിയും.പാന്റ് കാണാൻ പോലുമില്ല.ന്റെ ദേവീ.അപ്പോഴേ ഞാനാ വിജയനോട് പറഞ്ഞതാ രമേടത്തീന്റേടുത്ത് കൊടുക്കാന്ന്.കുട്ട്യോളുടെ അളവെഴ്ലാണ്ടാ തൈക്കണെ ഇനി ഇപ്പൊ ഈൗ പൈക്കോലത്തില് സ്കൂളിപ്പോണ്ട . മതിമറന്ന സന്തോഷത്താൽ അവൻ കുപ്പായങ്ങൾ ഊരി പഴയവേഷത്തിലേക്ക് തിരിഞ്ഞു . വിറകുപുരയിൽ സൂക്ഷിച്ചുവെച്ച ചൂണ്ടയുമെടുത്ത് വയലിലെ കുളത്തിലേക്കവൻ പാഞ്ഞു ഇതുവരെ ആ

ചൂണ്ടയിൽ ഒരു മീൻ പോലും കുടുങ്ങിയിട്ടില്ലെങ്കിലും
അതൊക്കെ അവനൊരു രസമായിരുന്നു.
അല്ലെങ്കിലും ചൂണ്ടയില്ലാതെ നൂലുമാത്രം കെട്ടി മീൻ
പിടിച്ചാൽ എങ്ങനെയാ മീനിനെ കിട്ടുക?
ഒരുപാടുനേരത്തെ കാത്തിരുപ്പിനുശേഷം അവൻ
നിരാശനായി അവൻ വെറുതെ സമയം കളയാൻ
ആഗ്രഹിച്ചില്ല. ഒരു നീണ്ട നെടുവീർപ്പിനുശേഷം
അവൻ ഇല്ലത്തെ കന്നു കാലികളുടെ  അടുത്ത് ചെന്ന്
അവയെ സന്ദർശിക്കു വാനും
അവയോട്സംസാരിക്കാനും ശകാരിക്കുവാനും
ചെന്നു. ഇവനിലെ ഈ കുട്ടിത്വത്തെഎല്ലാവരും
ഏറെ ഇഷ്ടപ്പെട്ടിരുന്നു വടക്കുനിന്നും വരുന്ന കനത്ത
മഴക്കാർ കണ്ട് ഇല്ലത്തെത്തി. കടയിൽ പോയ
മുത്തശ്ശിയേ കാത്ത് അവൻ വരാന്തയിലെ
കസേരയിലിരുന്നു . മുത്തശ്ശിവരുന്നത്കണ്ട്
ഉണ്ണിക്കുട്ടൻ മുത്തശ്ശിയുടെ അരികിലേക്കോടി .
മുത്തശ്ശിയുടെ കൈയിൽ ഒരു വലിയ
പൊതിയുണ്ടായിരുന്നു തുറന്നുനോ- ക്കിഹയപ്പോൾ
പുതിയ യൂണിഫോം. അവൻ ഒന്നും മിണ്ടാതെ

അകത്തേക്ക്പോയി . ആ മൗനം അവന്റെ വിഷമമമാകാം. അടുക്കളയിൽ നിന്നുമുള്ള അമ്മയുടെ വിളി അവൻ തിരസ്കരിച്ചില്ല. "ഉണ്ണി പാതിരാത്രി ആവാറായി വന്ന് കുളിക്ക്" അവൻ പതിവുപോലെ കുളിനീട്ടിയില്ല. ഈ മാറ്റത്തിനെല്ലാം കാരണം അവന്റെ സ്കൂളിൽ പോകാനുള്ള മടിയാണ്. ഊണു കഴിഞ്ഞവൻ ഉറങ്ങാൻ കിടക്കയിലേക്ക് ചെന്നു. മുത്തശ്ശിയുടെകൂടെയുള്ള ഉറക്കമാണ് അവന് പ്രിയങ്കരം വിഷമം മനസ്സിലാക്കിയ മുത്തശ്ശി കിടക്കുന്നതിനുമുൻപ് ഒരുപാട് ഉപദേശങ്ങൾ അവന് നൽകി. ശേഷം അവന്റെചുണ്ടിൽ ഒരു പുഞ്ചിരി കാണാൻ കഴിഞ്ഞു. രാത്രിയുടെ ഓരോ ഇടനാഴിയിൽ കൂടി സഞ്ചരിച്ച് നേരം വെളുപ്പിച്ചു വളരെസന്തോഷത്തോടുകൂടി അവൻ സ്കൂളിലേക്കുള്ള യാത്ര ആരംഭിച്ചു.



സ്നേഹ പ്രദീപ്
8:B

# ചെകുത്താന്റെ തുരങ്കത്തിലെ യാത്ര

വൈകുന്നേരം സ്ക്കൂൾ വിട്ടപ്പോൾ അവൻ മാത്രം സ്കൂളിൽ ഏകനായി നിന്നു. സഹപാഠികൾ പോയിക്കഴിഞ്ഞിരിക്കുന്നു അവന്റെ അധ്യാപകർ നല്ല തിരക്കിലുമാണ് . അവന്റെ മുഖത്ത് ഒരിക്കലെങ്കിലും ഒരു നറുചിരി പ്രത്യക്ഷമാണമെങ്കിൽ ആകാശം പിളരേണ്ടി വരും. അതെ അവൻ വിഷാദമഗ്നനാണ് ആരും കാണാതെ സ്ക്കൂളിന്റെ പുറകിലുള്ള ഒരു അരയാൽ മരത്തിനടിയിലിരുന്ന് അവൻ കണ്ണുനീർതുള്ളി ഒരു പുഴപോലെ ഒഴുക്കാറുണ്ട്:"സുഹൃത്തേ എന്റെ ദ ു:ഖത്തിൽപങ്കുചേരുവാൻ നീ മാത്രമേ എനിക്കുള്ളൂ. അതിനാൽ നീ എന്നെ വിട്ട് പോകരുത്".ആ സമയം അരയാൽ അവന്റെ കാതിൽ പതിയെ മന്ത്രിക്കും. :"പ്രിയ സുഹൃത്തേ നിന്റെ അമ്മാവൻ ഈ ഭൂമിയിൽ നിന്ന് മൺമറഞ്ഞു പോകുന്ന കാലം വരെയും ഞാൻ നിനക്ക് കൂട്ടായി നിന്നോടൊപ്പമുണ്ടാകും".അരയാലിന്റെ ആ വാക്കുകൾ അലിവുള്ളതാണ് ,കരുണയുള്ളതാണ് ,ദയയുള്ളതാണ് ആ വാക്കുകൾ അവൻ എന്നെന്നും ഓർമ്മിക്കുംന്നു. ആ വാക്കുകൾ വീണ്ടും,വീണ്ടും ഓർത്തുകൊണ്ട് അവൻ വീട്ടിലേക്ക് നടക്കും നനഞ്ഞ മിഴികളോടെ, വിറയ്ക്കുന്ന

കാലുകളോടെ,ഊർജം പ്രകാശിക്കാത്ത മുഖത്തോടുകൂടി അവൻ നടക്കും .ആ നിമിഷം കുഞ്ഞുകുരുവികൾ അവനെ നോക്കി ചിലച്ചുകൊണ്ടിരിക്കും,മരച്ചില്ലകളിൽ അധിവസിക്കുന്ന അണ്ണാൻ കുഞ്ഞുങ്ങൾ അവന്റെ വിഷാദംമുറ്റിനിൽക്കുന്ന മുഖം ദർശിച്ച് അവറ്റകളും വിഷാദത്തോടെ 'ചിൽ "ചിൽ'ശബ്ദമുണ്ടാക്കും അവൻ പ്രകൃീട് തിയിലേക്ക് കാതോർക്കുന്നില്ല.പ്രകൃതിയിലേക്ക് കണ്ണോടിക്കുന്നില്ല അവന്റെ മനസ്സിൽ അമ്മാവന്റെ രാക്ഷസാവഹമായ ചിരിയും ,ക്രൂരമായഅദ്ദേഹത്തിന്റെ ദൃഷ്ടിയും മാത്രമാണ് .വീട് അടുക്കുന്തോറും അവന്റെ പാദങ്ങൾ ഇടറുന്നുണ്ടായിരുന്നു .പാദത്തിന്റെ ഇടർച്ച അഥവാ നിലവിളി ഭൂമിക്ക് സഹിക്കാവുന്നതായിരുന്നു അവന്റെ വിഷാദമുറ്റുന്ന അവസ്ഥകണ്ട്മാരുതൻ മൃദുലമായി അവനെതടവി .അവൻവീട്ടുപടിക്കൽ എത്തുമ്പോൾ എല്ലായ്പ്പോഴും അവന്റെ അമ്മാവൻ ഉമ്മറപടിയിൽ ചാരുകസേരയിൽ ഇരിപ്പുണ്ടാവും. തന്റെ അമ്മാവനെ കാണുമ്പോഴ് അവന് ഇടിവെട്ടേറ്റതുപോലെയാണ്. അവന്റെ ഉടൽ വിറക്കും,മനസ്സു ബയപ്പെടും വായുവിന്റെ ഒഴുക്ക് വേഗത്തിലാകും.അവൻ അമ്മാവന്റെ  കൈകളിൽ നിന്നും രക്ഷപ്പെടുവാൻ വേണ്ടി അകത്ത് ഓടികയറി വാതിൽഅടയ്ക്കും.റാഞ്ചുവാൻ വരുന്ന പരുന്തിനെ കാണുമ്പോൾ കൂട്ടിനുള്ളിലേക്ക് തല വലിക്കുന്ന പക്ഷികുഞ്ഞുങ്ങളെപ്പോലെ.മുറിയുടെ ഒരു ഭാഗത്തിരുന്ന് അവൻ പൊട്ടിക്കരയും, അതിന്റെ പ്രതിധ്വനി മുറിയ്ക്കകത്തെങ്ങും


മുഴങ്ങികേൾക്കും.അവൻ ചെകുത്താന്റെ കോട്ടയിലൂടെ സഞ്ചരിക്കുകയായിരുന്നു. അല്ലെങ്കിൽ ചെകുത്താൻ അവന്റെ പാതയെ തടസ്സപ്പെടുത്തിയിട്ടുണ്ടാകാം. പ്രാർത്ഥനാസമയം ആഗമമാകുമ്പോൾ ദൈവത്തെ മുഖം കാണിക്കുവാൻ അവന് വളരെ മടിയായിരുന്നു.കാരണം തന്റെ ഊർജ്ജസ്വലത ഇല്ലാത്ത മുഖം കാണുമ്പോൾ  ദൈവം ഗോപാകുലനാകുമോ എന്ന ഭയം അവനിൽ ഉളവാക്കിയിരുന്നു പിറ്റേദിവ   സം അവൻെറ സ്കൂളിലേക്കുള്ള യാത്രയും വളരെ വിഷാദത്തോടെയാ യിരിക്കും. യാഥാർത്ഥ്യത്തിൽ അവൻെറ ജീവിതയാത്ര കാണുമ്പോൾ
ജന്തുജീവജാലങ്ങൾക്കും, ഭൂമിക്ക് പോലും വിഷമം അനുഭവപ്പെടുന്നു.
ആ കണ്ണുനീരിൻെറ ശക്തി,ആ ഹൃദ.ത്തിൻെറ നൊമ്പരം കടലുകളെ
ഇളക്കി മറിക്കുകയാണ്.മറ്റു കുട്ടികൾ തൻെറ സഹപാഠികളൊന്നിച്ച്
സ്കൂളിലേക്ക് പോകുമ്പോൾ പ്രകൃതിയുടെ വ്ഗദാനമായ മാരുതൻ മാത്രമ
അവനോടൊപ്പമുണ്ടായിരുന്നുള്ളു. അവൻ വിസ്തൃതമായ പാതയോരത്തുകൂടികാരണം തന്റെ ഊർജ്ജസ്വലത ഇല്ലാത്ത മുഖം കാണുമ്പോൾ  ദൈവം ഗോപാകുലനാകുമോ എന്ന ഭയം അവനിൽ ഉളവാക്കിയിരുന്നു പിറ്റേദിവ   സം അവൻെറ സ്കൂളിലേക്കുള്ള യാത്രയും വളരെ വിഷാദത്തോടെയാ

ക്ലാസ്സിൽ ഒരു മിണ്ടാപ്രണിയെപ്പോലെ ഇരിക്കുന്ന അവൻ ജീവിതവും
നിശബ്ദമായി നയിക്കുന്നു.ജീവിതത്തിലെ ആഹ്ലാദം എന്താണെന്ന് അവൻ
അറിയുന്നില്ല,അനുഭവിക്കുന്നില്ല.അമ്മവൻ അവൻെറ വീട്ടിൽ വന്ന് താമസം തുടങ്ങിരണ്ട്,മൂന്ന്
ദിവസത്തിനുശേഷം വീട് നിശബ്ദമായി.
അവൻെറ ശബ്ദ മുഴങ്ങാതെ ആ ഭവനം ഉറങ്ങിപ്പോയിരിക്കുന്നു. നദിയിലെ ജലത്തിൻെറ ഒഴുക്ക്
മന്ദഗതിയിലായിരിക്കുന്നു.അവൻെറ വിദ്യാഭ്യാസകാലത്തെക്കുറിച്ചുള്ള ഓർമ മങ്ങത്തുടങ്ങിയിരികുന്ന
ു.അവൻവിദ്യാഭ്യാസകാലത്തെക്കുറിച്ച് ഓർക്കുന്നില്ല.അവൻെറ മനസ്സിൽ ചിന്തകളുടെ
മഹാസാഗരം തന്നെ നിലകൊള്ളുകയാണ്.അങ്ങന ഒരു ദിവസം എല്ലാ കുട്ടികളും സ്കൂൾ മൈതാനത്ത്
കളിച്ചുകൊണ്ടിരിക്കുകയാ
യിരുന്നു.എന്നാൽ അവൻ മാത്രം മൈതാനത്തിൻെറ ഒരു മൂലയിൽ
എന്തെല്ലാമോ ചിന്തകളിൽ മുഴങ്ങിയിരിക്കുകയായിരുന്ന
ു.അവൻെറ മനസ്സിൽ മഹസാഗരത്തിലെ തിരമാലകൾ ഇളകിമറിഞ്ഞു കൊണ്ടിരിക്കുകയാണ്.അവൻെറ അവസ്ഥ
കണ്ട് ആ സമയം പെട്ടന്ന്
ആ സ്കൂളിലെ ആരോഗ്യവിദഗ്ദ അവനെ തട്ടി  വിളിച്ചു. മനു വളരെ

നാളായി ഞാൻ നിന്റെ ചലനത്തെ നിരീക്ഷിക്കുന്നു.
നിനക്ക് എന്തൊക്കെയോ മാറ്റങ്ങൾ സംഭവിച്ചു
കൊണ്ടിരിക്കുന്നുണ്ട് .നിനക്ക് എന്തൊക്കെയോ മാറ്റങ്ങൾ
സംഭവിച്ചുകൊണ്ടിരിക്കുന്നുണ്ട്.നിനക്ക്
എന്നോട് മടികൂടാതെ തുറന്നു പറയുക.അവന്റെ ഹൃദയം
ആളിക്കത്തിഅവന്റെ അവസ്ഥ തുറന്നു പറയുവാൻ
അവന് ചങ്കുറ്റമില്ലായിരുന്നു.
അവൻ രശ്മി സിസ്റ്ററെ എന്ന് വിളിച്ച് വിതുമ്പുനാൻ തുടങ്ങി
അവന്റെ
വിഷമം കണ്ണുനീർതുള്ളിയിൽ നോക്കി രശ്മി സിസ്റ്റർ
മനസ്സിലാക്കി .
രശ്മി സിസറ്റർ തന്റെ വാക്കുകൾ ആവർത്തിച്ചു.നീ
ധൈര്യം സംഭരിച്ച്
നിന്റെ പ്രശ്നം മടികൂടാതെ തുറന്നു പറയു കുഞ്ഞേ,നമുക്ക്
പ്രതിവിധി
ഉണ്ടാക്കാം.നീ ണനസ്സിലാക്കണം ഞാനൊരു
ആരോഗ്യവിദഗ്ധയാണ്.
നിന്റെ എല്ലാ പ്ര ശ്നങ്ങളും എന്നോട്നിനക്ക് പങ്കുവയ്ക്കാ
ം.രശ്മി സിസ്റ്ററുടെ
ആശ്വാസ വാക്കുകളിൽ കരുണയുടെ മധുരം
അടങ്ങിയിരിക്കുന്നു. മനു രശ്മി സിസ്റ്ററുടെ വാക്കുകളിൽ
ഏലിഞ്ഞുപോയി .അവൻ വാസ്തവം
തുറന്നു പറഞ്ഞു സിസ്റ്റർ എന്റെ അമ്മാവൻ എന്നെ
നിരന്തരമായി ആക്രമിക്കുന്നു. എന്റെ
അവയവങ്ങളെല്ലാം അദ്ദേഹം സ്പർശിച്ച്കൊ

ണ്ടിരിക്കുന്ന എന്നെ അയാൾ ചൂഷണം ചെയ്യുന്നു.മനു
അവൻെറ ദുരവസ്ഥ
രശ്മി സിസിറ്ററെ പറഞ്ഞു ബോധ്യപ്പെടുത്തി .രശ്മി സിസിറ്റർ
മനുവിൻെറ
അവസ്ഥ വളരെ കാര്യപൂർവ്വമായി എടുത്തു . രശ്മി സിസ്റ്റർൻെറ
മനസ്സിൽ
മനുവിൻെറ അമ്മാവനോടുള്ള കോപം ഇരട്ടിച്ചുകൊണ്ടിരുന്നു .
ഉടൻ തന്നെ രശ്മി സിസ്റ്റർ ഈ വിവരം
ബാലവകാശസംരക്ഷണസമിതിയെ അറിയിച്ചു. സമിതി
പ്രവർത്തകർ മനുവിൻെറ അമ്മാവനെതിരെ കേസെടുത്ത
ു.അയാളെ പ്രവർത്തകർ അഴിക്കുള്ളിൽ അടച്ച
ു.മഹാസാഗരത്തിലെ തിരമാലകൾ ആർത്തുല്ലസിച്ച്
ഇളകിമറിയാനാരം
ഭിച്ചു ആ നിമിഷമാണമനുവിൻെറമുഖത്ത് ഒരു നറു ചിരിയുടെ
പ്രഭാവം
ജ്വലിച്ചത്.രശ്മി സിസ്റ്റർ മനുവിനോടു ചോദിച്ചു
സന്തോഷമായോ മനു?
മനു വേഗം ഉത്തരം നൽകിവളരെ നന്ദിയ്ണ്ട് സിസ്റ്ററേ.
അവൻെറ
മുഖത്ത് ഊർജ്ജത്തിൻെറ തേജസ്സ കളിയാടി.അവനെ മറ്റു
കുട്ടികൾ കളിക്കാനായി ക്ഷണിച്ചു . അധ്യാപകർ അവനെ
ശാസിക്കേണ്ടഅവസരം പിന്നീടുണ്ടായിട്ടില്ല. പ്രകൃതിയുടെ
ചിരി അവൻെറ കാതുകളിൽ
നൃത്തമാടി.

ജന്തുജീവജീങ്ങൾ  അവനുചുറ്റും ഓടിനടന്നു. കർത്തിരുണ്ട മനുവിൻെറ ലോകം പ്രകാശപൂരിതമായി . അരയാൽ മരത്തിൻെറ ചില്ലകൾ അവനെ തലോടി.മന്ദമാരുതൻ മനുവിനെ ഇക്കിളിയാക്കിമനു പ്രകൃതിയെനോക്കിക്കൊണ്ട് പൊട്ടിച്ചിരിച്ചു. അവൻെറ ഒപ്പം അരയാൽ മരവും.



സുജിത്ത് എം പി
9 സി

# കൃഷിക്കാരൻെറ പശുക്കൾ

പണ്ട് പണ്ട് ഒരു ഗ്രാമത്തിൽ ഒരു കൃഷിക്കാരനുണ്ടായിരു
ന്നു.ആ കൃഷിക്കാരന് രണ്ട് പശുക്കൾ ഉണ്ടായിരുന്നു .
ഈ പശുക്കളുടെ പാൽ വിറ്റിട്ടായിരുന്നു കൃഷിക്കാരനും ഭാ
ര്യയും മക്കളും ഉപജീവനം കഴിച്ചുപോവുന്നത് അയാൾ
പശുക്കളെ വളരെയധികം സ്നേഹിച്ചിരുന്നു. ഈ
കൃഷിക്കാരന് ബാങ്കിൽ കടം ഉണ്ടായിരുന്നു.അങ്ങനെ ഒരു
ദിവസംകൃഷി
ക്കാരൻ വീട്ടിൽ ഇരിക്കുമ്പോൾ ബാങ്കിൽനിന്നും കടം
അടയ്ക്കാനുള്ള നോട്ടീസ് വന്നു കൃഷിക്കാരൻ ആകെ
അസ്വസ്ഥനായി. എങ്ങനെ ബാങ്കിൽ പണം അടക്കു
ം.അദ്ദേഹം അ-ങ്ങനെ ചിന്തിച്ചു.
ദിവസങ്ങൾ കഴിഞ്ഞു  ഒരു പോം വഴിയും കണ്ടില്ല
താൻ സ്നേഹിച്ച് പോറ്റിയ പശുക്കളെ വിറ്റാൽ
മാത്രമേ ബാങ്കിലെകടം വീട്ടാൻ സാധിക്കുകയുള്ളു.
അദ്ദേഹം
പശുക്കളെ ചന്തയിൽ വിറ്റ് ബാങ്കിലെ കടംവീട്ടി.
കൃഷിക്കാരൻ
 മുന്നോട്ട് എങ്ങനെ ജീവിക്കും.അയാൾ ചിന്തിക്കാൻ തുട
ങ്ങി.

ഒരു തൊഴിൽ കണ്ടുപിടിക്കാൻ അദ്ദേഹം തീരുമാനിച്ചു
അങ്ങനെ തൊഴിൽ അന്വേഷിച്ച് നടക്കുന്നതിനിടയിൽ
ഒരു പശുഫാമിൽ അദ്ദേഹത്തിന് ജോലി കിട്ടി . അവിടെ
കുറെ പശുക്കൾ ഉണ്ടായിരുന്നു. താൻ സ്നേഹിച്ച്
പോറ്റിയ പശുക്കളെ കണ്ടപ്പോൾ കൃഷിക്കാരന്
സന്തോഷം കൊണ്ട്
കണ്ണിൽ നിന്ന് കണ്ണുനീർ ധാരാളമായി ഒഴുകി. അദ്ദേഹം
ഫാമിൽ പണി ചെയ്ത് കിട്ടുന്ന പണം കൊണ്ട് ഭിര്യയോടും
മക്കളോടും കൂടി സന്തോഷത്തോടെ ജീവിച്ചു.



നവീന വിവേക്
2എ

# കൈയിലെ അഞ്ചു രൂപ

മൊതലാളി......... അലിയുടെ നീണ്ട ആ വിളി കേട്ടാണ് അബ്ദുൾസാഹിബ് കണ്ണുതുറന്നത്. അടുത്തിരുന്ന കോളാമ്പിയിൽ നീട്ടിത്തുപ്പി . കാലുകൾ മേശപ്പുറത്തുനിന്നു താഴെയിറക്കി ഉറക്കച്ചടവോടെ അയാൾ അലിയെ നോക്കി. നീണ്ട മെലിഞ്ഞ ആ രൂപത്തിൽ നിന്ന് വിയർപ്പൊഴുകുകയാണ്.

മൊതലാളി ഇന്നാ ഷെരീഫിനെ ഞാൻ കയ്യോടെ പിടിച്ചു. മുങ്ങി നടക്കുകയായിരുന്നു. ആ പഹയൻ. പയിനായിരം കായ് മേടിച്ചിട്ട് അഞ്ച് മാസായി. പലിശ പോലും തന്നുതീർത്തിട്ടില്ല. ഇന്നു ആ കുഞ്ഞാലിയുടെപീടിയേയിലിരുന്ന് വിടുവാ പറയുവാർന്നു. അവൻ കയ്യോടെ പിടിച്ച് മൊത്തം കിട്ടിലേലും ഓന്റെ കയ്യിലുണ്ടായിരുന്നത് എടുത്തിങ്ങുതന്നു. ഇന്നാ മൊതലാളി.... ആ കെട്ട് ഷെരീഫിന്റെ മറ്റേ രണ്ട് കെട്ട് വിറ്റു കിട്ടിയതാ. അലി കൊടുത്ത പുതുമണമുള്ള ആ നോട്ടുകൾ അബ്ദു തന്റെ മേൽക്കള്ളി വലിച്ച് അതിലിട്ടു. തന്റെ മുന്നിൽ ഭവ്യതയോടെ നിൽക്കുന്ന അലിയെ കണ്ട് ഒരു അഞ്ചുറിന്റെ നോട്ടെടുത്ത് അവനുകൊടുത്തു.സന്തോഷത്തോടെ അലി പീടികവിട്ടിറിങ്ങി.തന്റെ ചാരുകസേരയിൽ ഒന്നുകൂടെ ചാരിയിരുന്ന് അബ്ദു തന്റെ മേശക്കള്ളി ഒന്നു കൂടെ തുറന്നു നൂറിന്റെയും അഞ്ചൂറിന്റെയും ഇരണ്ടുകെട്ടുകൾ അഭിമാനത്തോടെ അയാൾ ഒന്നു തലയുയർത്തി.

നീരാക്കി  താൻ ഉണ്ടാക്കിയ കാശ് ഗൾഫിലെ
മണലാരിണ്യത്തിൽ കിടന്ന് താൻ കഷ്ട്ടപ്പെട്ടുണ്ടാക്കിയ  കാശ്
രണ്ട്  വർഷം മുന്നെയാണ്
താൻ ഗൾഫിന്ന് തിരിച്ച്  പോന്നത്. അത് വരെ തന്നെ
നോക്കി. പുച്ഛത്തോചടെ ചിരിചച്ചവർ ഇന്ന കാണുമ്പോൾ
ആദരവോടെ നോക്കുന്നു അന്ന് പീറ ചെറുക്കൻ എന്ന്
വിളിച്ചവർ ഇന്ന് അബ്ദു മുതലാളി
എന്ന് വിളിക്കുന്നു. തൻെറ  പീടികയുടെ അടുത്തു തന്നെയാണ്
അവൻെറ
മണിമാളിക. അതെല്ലാം കാണുമ്പോൾ എന്തെന്നില്ലാത്ത
ആഹ്ലാദംഅയാളുടെ മനസിൽ നിറയും.

ഇങ്ങനെ ഓരോ കുട്ടം ആലോചിക്കുമ്പോളാണ്
കൈതകുന്നിലെ സെയ്ത്താലി പീടികയിലോട്ട് കേറി വന്നത്.
അസലാമുവലേക്കും
വാ അലേക്കും സലാം  .....ന്താണ് സെയ്ത്താലി ഈ
വഴിയൊക്കെ അബ്ദു  ചാരു കസേരയിൽ നിന്ന്
എഴുന്നേറ്റ്ചെന്ന് തൻെറ പുതുയ പിടികേടെ പണികഴിഞ്ഞു
സെയ്ത്താലിക്ക പറ്ഞ്ഞു തുടങ്ങി. അടുത്ത ആഴ്ച്ചയാണ്
ഉദ്ഘാടനം
നാട മുറിക്കാൻ അബ്ദു മുതലാളി വന്നാർന്നേ......

ളങ്ങളെ ആയിന്ദ ക്ഷണിക്കാണിക്കനൊ ഞാൻ വന്നത്
അബ്ബുവിൻെറ കൈകളിലെ രോമക്കൂപങ്ങൾ എഴുന്നേറ്റ്
നിന്നു താൻരൊരു ഉദ്ഘാടകൻ
ആവാൻ പോകുന്നു സന്തോഷത്തോടെ അബ്ബു ആക്ഷണം
സ്വികരിച്ചു.

ഉദ്ഘാചന ദിനം വന്നെത്തി അബ്ബു
തൻെറ അലമാരയിൽ നിന്ന് ചൊവപ്പ് പട്ട് കൊണ്ട് നെയ്ത
ആ ജുഭ എടുത്തണിഞ്ഞു ഗൾഫിൽ നിന് കോണ്ട് വന്ന
തൻെറ പ്രിയപ്പെട്ട അത്തർ ദേഹമാസകലം പൂശി
കൃത്യസമയത്ത് തന്നെ അയാൾ പുതിയ പീടികയുടെ
മുന്നിലെത്തി. ചെറിയ പീടികയൊന്നുമല്ല. മൂന്നുനില
കെട്ടിടം. ചെണ്ടമേളവും കൊട്ടും പാട്ടുമായ് ആകെ
ബഹളമയം. സെയ്താലി
ദൂരെ നിന്നു വന്ന് അബ്ബുവിനെ നാട മുറിക്കാനായി ആനയിച്ചു.
കത്രികകൈയിലെടുത്ത് നാട മുറിക്കാൻ ഒരുങ്ങിയതും
പെട്ടെന്ന് എന്തോ തലയിൽ വന്നു. പൊടുന്നനെ അബ്ബു ഒന്നു
ഞെട്ടി. അടുത്ത് സെയ്താലി ഇല്ല. ചെണ്ടക്കാരില്ല.
ബഹളവുമില്ല. മുന്നിൽ നിൽക്കുന്നത് സാക്ഷാൽ
ചാക്കോമാഷ്.

നേരത്തെ നെറ്റിയിൽ അനുഭവപ്പെട്ട ആ വേദന മാഷിൻെറ ചോക്ക് പ്രയോഗമായിരുന്നു. മാഷിൻെറ നാവിലെ കയ്പ്പേറും ചീത്തവിളികൾ ഒരു വെളിവുമില്ലാതെ അവൻ കേട്ടു നിന്നു. മുമ്പു കഴിഞ്ഞത് വെറും ഒരു കിനാവായിരുന്നു. ഓലമേഞ്ഞ ഒരു കുടിയിൽ നിന്ന് വരുന്ന ഒരു ദരിദ്ര ബാലൻെറ കേവലം ഒരു ചെറിയ സ്വപ്നം.

അവൻ തൻെറ കൈ പോക്കറ്റിലിട്ടു. അതിൽ നിന്ന് ഒരഞ്ചു രൂപ നാണയം എടുത്തു. തൻെറ അഞ്ച് അയ്യായിരം ആക്കാനുള്ള അവൻെറ കിനാവ് പിന്നെയും അവൻെറ മനസ്സിലേക്ക് ഓടിക്കയറി.

സഞ്ജയ് വിനോദ്
9.A



## തിന്താരെ തിന്താരെ തക........

തിന്താരെ തിന്താരെ തക

തിന്തകതാര

തിന്താരെ തിന്താരെ തക

തിന്തകതാര

ഏരന്റപ്പ ഏരപ്പ ഏരേന്റപ്പ

ഏരന്റപ്പ ഏരപ്പ ഏരേന്റപ്പ

കുട്ടാനാടിൻപാത കൊയിതിന

പോയിടാൻ

വട്ടം കൂടുന്നവർ പട്ടിണിക്കാർ

അച്ഛനളിയനും അണങ്ങളും കൂട്ടരും

മച്ചുണമരും അങ്ങേതുകൂടി

തിന്താരെ തിന്താരെ തക

തിന്തകതാര

തിന്താരെ തിന്താരെ തക

തിന്തകതാര

ഏരന്റപ്പ ഏരപ്പ ഏരേന്റപ്പ

ഏരന്റപ്പ ഏരപ്പ ഏരേന്റപ്പ

ചിത്തിര ചീര ചെറിയ കുറിയവർ
ഇത്തരം
പെണ്ണുങ്ങളൊത്തുകൂടി
കുട്ടനാടിൻപാത കൊയി-
തിനു പോയീടാൻ വട്ടം
കൂട്ടുന്നവർ പട്ടിണിക്കാർ
തിന്താരെ തിന്താരെ തക തിന്തകതാര
തിന്താരെ തിന്താരെ തക തിന്തകതാര
ഏരന്റ്പ്പ ഏരപ്പ ഏരേന്റ്പ്പ
ഏരന്റ്പ്പ ഏരപ്പ ഏരേന്റ്പ്പ

രാമങ്കരി കുന്നകരി ചോന്നകരി
ചത്തകരി വെട്ടികുരുത്തുന്ന കോഴിമുക്ക്
കണ്ടപ്പുറ കൈതപ്പുറ ആനപ്പുറ
വേഴപ്പുറ പട്ടഴികോട്ടയം പാടനാട്

കെട്ടുവളത്തിന്റെ കെട്ടഴിച്ചാനന്ദ-
പൂവിരിച്ചെ തക തിന്തകതെയി
കുട്ടനാടൻപാത കൊയിതിന്ന
പോയിടാൻ
വട്ടം കൂടുന്നവർ പട്ടിണിക്കാർ
തിന്താരെ തിന്താരെ തക തിന്തകതാര
തിന്താരെ തിന്താരെ തക തിന്തകതാര

ഏരന്റപ്പ ഏരപ്പ ഏരേന്റപ്പ
ഏരന്റപ്പ ഏരപ്പ ഏരേന്റപ്പ
കാലുകെട്ടി കഴുകോലുക്കെട്ടി എന്റെ
കാലേ കെടന്ന ജലവിലംബുപൊട്ടി
കല്ലുമാലപൊട്ടി താലിപൊട്ടി എന്റെ
ഓല പൊട്ടി ഓല തോട പൊട്ടി
തിന്താരെ തിന്താരെ തക
തിന്തകതാര
തിന്താരെ തിന്താരെ തക
തിന്തകതാര

ഏരന്റപ്പ ഏരപ്പ ഏരേന്റപ്പ
ഏരന്റപ്പ ഏരപ്പ ഏരേന്റപ്പ
എന്തടി കണ്ണീ ഒരു മുല്ല
പൂവാസന
കൊല്ലത്തു നിന്ന ആരാനും
വന്നതോടി
പോന്നാണേ മിന്നാണേ
പൊന്നരിവളാണേ
എന്നെ കൊണ്ട് ഇല്ലം
പഴിക്കരുതേ.
തിന്താരെ തിന്താരെ തക തിന്തകതാര
തിന്താരെ തിന്താരെ തക തിന്തകതാര
ഏരന്റപ്പ ഏരപ്പ ഏരേന്റപ്പ
ഏരന്റപ്പ ഏരപ്പ ഏരേന്റപ്പ.



-ദിൽന എം.
9.B

# അരികറുക ചെറുകറുക

താതിനന്തോ...താതിനന്തോ...താതിനന്തോ തെയ്യം താരാ
താതിനന്തോ...താതിനന്തോ...താതിനന്തോ തെയ്യം താരാ
അരികറുക ചെറുകറുക ജീരകചെമ്പാവു
വിത്തെല്ലാം വാരി പാകുന്നേ
തള്ള ഞാറു നിക്കെ നിക്കെ പിള്ള ഞാറു
പറിക്കുന്നേ
താതിനന്തോ...താതിനന്തോ...താതിനന്തോ തെയ്യം
താരാതാതിനന്തോ...
താതിനന്തോ...താതിനന്തോ തെയ്യം താരാ
പറിക്കുന്നേ ഞാറു പറിക്കുന്നേ
പിടി ഞാറുകെട്ടി എറിയുന്നേ.
പിള്ളാരുള്ള തള്ളമാരെല്ലാം നട -
വരമ്പില് നിൽക്കുന്നേ.
താതിനന്തോ...താതിനന്തോ...താതിനന്തോ തെയ്യം
താരാതാതിനന്തോ...താതിനന്തോ...താതിനന്തോ
തെയ്യം താരാ

*എന്റെ പിടി താള് കണ്ടപ്പം തമ്പുരാൻ*
*പമ്പരം പോലുള്ള കണ്ണുരുട്ടി*
*എന്റെപ്പൻ രാത്രില് കാവലിരുന്നപ്പം*
*തമ്പിരാൻ മാളികമോളില്.*
*താതിന്നന്തേ...താതിന്നന്തേ...*
*താതിന്നന്തേ തെയ്യം*
*താരാതാതിന്നന്തേ...താതിന്നന്തേ...*
*താതിന്നന്തേ തെയ്യം താരാ*
*അരികറുക ചെറുകറുക ജീരകചെമ്പാവു*
*വിത്തെല്ലാം വാരി പാകുന്നേ*
*തള്ള ഞാറു നിക്കെ നിക്കെ പിള്ള*
*ഞാറു പറിക്കുന്നേ.*
*താതിന്നന്തേ...താതിന്നന്തേ...താതിന്നന്തേ*
*തെയ്യം താരാതാതിന്നന്തേ..*
. *താതിന്നന്തേ...താതിന്നന്തേ തെയ്യം താരാ.*



*രഹന*
*9 ബി*

# അമ്മ

എന്നത് വെറും രണ്ടക്ഷരങ്ങളിൽ ഒതുങ്ങുന്നതല്ല.
അമ്മയെന്ന സത്യം മറ്റൊന്നിനോട്
ചേർത്തുവെയ്ക്കാൻ പുണ്യമാണ്.
സ്നേഹമെന്ന വാക്ക് അമ്മയിലൂടെ പഠിപ്പിച്ചുതന്ന
കൺകണ്ട ദൈവം. പിണങ്ങിയാലും ഇണങ്ങിയാലും
നമ്മോട് അടുക്കുന്നത് അമ്മ മാത്രം.
സന്തോഷങ്ങളിലും
സങ്കടങ്ങളിലും ഒരുപോലെ ചേക്കേറാൻ
സഹായിച്ചതും അമ്മ. കണ്ണുകളിൽ നോക്കി
ഹൃദയമിടിപ്പിൻ താളവ്യത്യാസം തിരിച്ചറിയാൻ
കഴിവുള്ള ഒരേയൊരാൾ മറ്റുള്ളവരുടെ
സ്നേഹത്തിനുമുന്നിൽ പലപ്പോഴും മനസ്സലിയാത്ത
ഒരുപാട് പേർ നമുക്ക് ചുറ്റുമുള്ളപ്പോൾ കണ്ണൊന്ന്
കലങ്ങിയാൽ ഓടിയെത്താൻ ഒരാൾ മാത്രമേ
ഇന്നെനിക്കുള്ളൂ

അമ്മ

എന്റെ അമ്മ. മുഖം മനസ്സിന്റെ കണ്ണാടിയാവണമെങ്കിൽ ആ കണ്ണായിൽ ചന്തം നോക്കാനും വേണം അമ്മ. കുന്നോളം സ്നേഹം ഉള്ളിലൊതുക്കി സ്നേഹത്തിൽ മാത്രം പിശുക്ക് കാണിക്കുന്ന വാശിക്കാരി. ജീവിതത്തിന്റെ താളുകൾ മറിക്കുമ്പോൾ ജീവിതം എന്തെന്ന് പഠിപ്പിച്ചുതന്ന ആദ്യഗുരു. ജീവിതത്തെ സുന്ദര നിമിഷമങ്ങളാക്കി താലോലിച്ചതും എന്റെ അമ്മ മാത്രം. ജനനത്തിനും മരണത്തിനും ഇടയിൽ തന്റേതെന്ന്പറഞ്ഞ് ചേർത്ത് പിടിക്കാനും വേണം അമ്മ. മുഖം നോക്കി മനസ്സ് വായിക്കാൻ കൂടെ ഒരാൾ ഉള്ളതാണ് നമ്മുടെ ഏറ്റവും വലിയ ഭാഗ്യം. കൊടുക്കാൻ മറന്നാലും തിരിച്ചുതന്ന സ്നേഹത്തിന് കണക്കു പറയാത്ത ഒരേയൊരു ഹൃദയത്തിന്റെ ഉടമ. കഷ്ടപാടുകൾക്കിടയിലും എന്റെ സ്വപ്നങ്ങൾക്കും ആഗ്രഹങ്ങൾക്കും കാവൽ നിന്ന കാവൽക്കാരി. "അമ്മ" ഇതിലും മഹത്തായ വാക്ക് ജീവിതത്തിൽ മറ്റൊന്നും ഇല്ല. കാണാതെപോകരുതാരും ആ മെഴുകുതിരി

എന്റെ സ്വപ്നങ്ങൾക്കും ആഗ്രഹങ്ങൾക്കും കാവൽ നിന്ന കാവൽക്കാരി. "അമ്മ" ഇതിലും മഹത്തായ വാക്ക് ജീവിതത്തിൽ മറ്റൊന്നും ഇല്ല. കാണാതെപോകരുതാരും ആ മെഴുകുതിരി

നാളത്തെ, കെടുത്തരുതേ....... തെളിയില്ല ഇനി... അതുപോലെ മറ്റാരും.....



നവ്യ.പി.കെ

10:B

# അമ്മമനസ്സ്

അമ്മ എന്ന വാക്ക് വെറും രണ്ടക്ഷരങ്ങളിൽ ഒതുങ്ങുന്ന ഒരു വാക്കല്ല. ആ രണ്ടക്ഷരങ്ങളിൽ പറഞ്ഞുതീർക്കാൻ പറ്റാത്തത്ര അർത്ഥവും മഹത്വവും നിറഞ്ഞു തുളുമ്പുന്ന സ്നേഹമാണ് അമ്മയ്ക്ക് . നമ്മുടെ മനസൊന്ന് വിതുമ്പിയാൽ ആദ്യം അറിയുന്നത് ആ അമ്മമനസാണ് . അമ്മ എന്ന സത്യത്തിന്റെ അനശ്വരസ്നേഹമാണ് നാം അനുഭവിക്കുന്നത്. ജനിച്ചനാൾമുതൽ അമ്മയുടെസ്നേഹം നുകർന്ന് ജീവിക്കുന്നവരാണ് നാം. അമ്മയുടെ സ്നേഹത്തിന്റെ മാധുര്യം അറിഞ്ഞ് ജീവിക്കാൻ പറ്റുന്നവരാണ് ഈ ലോകത്തിൽ തന്നെ ഏറ്റവും വലിയ ഭാഗ്യശാലികൾ.. നമ്മുടെ സ-ന്തോഷത്തിലും ദു:ഖത്തിലും ഒരു പോലെ പങ്കുചേരുന്നവരാണ് അമ്മ. അമ്മയുടെ സ്നേഹം മറ്റാർക്കും നൽകാൻ കഴിയില്ല. ഒരുപഴഞ്ചൊല്ലുണ്ട് പത്തമ്മചമഞ്ഞാലും പെറ്റമ്മയാകില്ല എന്ന് അത് വിശ്വസിനീയമായ വലിയ ഒരു സത്യമാണ്. നമ്മുടെ ഓരോ ചലനവും മനസ്സിലാക്കാൻ കഴിവുള്ളവളാണ് അമ്മ. എന്നെ ഏറ്റവും കൂടുതൽ സ്നേഹിക്കുന്നത്എന്റെ അമ്മയാണ്.

എനിക്ക് എന്റെ അമ്മ ദൈവത്തിന് തുല്യമാണ്. അമ്മ പറയുന്നതിനപ്പുറം മറ്റൊന്നുമില്ല എന്റെ ഈ ജീവിതത്തിൽ.



അൻജിത

10:B

# പരിസ്ഥിതി സംരക്ഷണം

**ജീവജാലങ്ങൾക്ക് വളരാനുള്ള ചുറ്റുപാടിനെയാണ് പരിസ്ഥിതികൊണ്ടർത്ഥമാക്കുന്നത്. പരിസ്ഥിതിയാണ് ജീവനെ നിലനിർത്തുന്നത്. എല്ലാവർഷവും ജൂൺ 5-ാം തിയ്യതി നമ്മൾ ലോക പരിസ്ഥിതി ദിനമായി ആഘോഷിക്കുന്നു. ജനങ്ങൾക്കിടയിൽ പ്രകൃതിയെക്കുറിച്ചും പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ചുമുള്ള അവബോധം ശക്തിപ്രാപിച്ചു വരുകയാണ്. ജീവനും പരിസ്ഥിതിയുംഒരുനാണയത്തിന്റെ രണ്ട് വശങ്ങൾ പോലെയാണ് .പരിസ്ഥിതി ഇല്ലെങ്കിൽ ജീവനില്ല.**

**സൗരയൂഥത്തിൽ മറ്റ് ഗ്രഹങ്ങളിൽ ജീവനില്ലാത്തതിന്റെ കാരണം അവിടെ പരിസ്ഥിതി ഇല്ലാത്തതാണ് .ഭൂമി മാത്രമാണ് ജീവനുള്ള ഏകഗ്രഹം .കാരണം ഭൂമിയിൽ വെള്ളം ,വായു ,കാലാവസ്ഥ തുടങ്ങി ജീവനെ നിലനിർത്തുന്നതും പരിപോഷിപ്പിക്കുന്നതുമായ എല്ലാമടങ്ങിയ ഒരു പരിസ്ഥിതി ഉണ്ട് .**

**ഈ പരിസ്ഥിതിയിൽ ചെറിയ തോതിൽ എങ്കിലും അസന്തുലിതാവസ്ഥ ഉണ്ടായാൽ അത് ഭൂമിയുടെ നിലനിൽപ്പിനെ തന്നെ സാരമായി ബാധിക്കും**

പല ജീവിവർഗങ്ങൾക്കും ഇതിനോടകം നാശം സംഭവിച്ച്
ഭൂമുഖത്തുനിന്നും അപ്രതിക്ഷമായി.പരിസ്ഥിതി
നാശം മനുഷ്യർക്കും പല വിധ കുഴപ്പങ്ങൾ
സൃഷ്ട്ടിച്ചുകൊണ്ടിരിക്കുകയാണ് .

ഉയർന്ന തരത്തിലുളളതും പരിസ്ഥിതിക്ക്
താങ്ങാവുന്നതിലതികം മലിനീകരണം ഉണ്ടാക്കുന്ന പല
ഘടകങ്ങളുമുണ്ട്.പരിസ്ഥിതി സന്തുലനത്തിന് വലിയ
തോതിൽ കോട്ടങ്ങൾ വരുത്താൻ കെൽപ്പുളള ഏക ജീവി
മനുഷ്യരാണ് . ഈ നൂറ്റാണ്ടിന്റെ ഏറ്റവും വലിയ ദുരന്തമാണ്
പ്ലാസ്റ്റിക്ക് മാലിന്യം ഇത് ഫലപ്രദമായി നിർമാർജനം
ചെയ്യേണ്ടതാണ് .വിവേകശൂന്യമായ വ്യവസായവത്കരണവും
നാശത്തിന് വഴിതെളിച്ചുവെന്ന് വ്യക്തമാണ്.
വ്യവസായങ്ങൾ വിഷങ്ങളും മറ്റു മാലിന്യങ്ങളും അനുനിമിഷം
പരിസ്ഥിതിയിലേക്ക് തളളികൊണ്ടിരിക്കുകയാണ്.
പരിസ്ഥിയിൽനിന്ന് പാഠങ്ങൾ ഉൾക്കൊളളാൻ മനുഷ്യൻ
ഇനിയും തയ്യാറാകത്തത് ദു:ഖകരമാണ്.

വൻതോതിലുളള വനനശീകരണവും
പാർപ്പിടങ്ങൾക്ക് വേണ്ടി മരങ്ങൾ വെട്ടിനശിപ്പിക്കലുംക കൂടി
ആയപ്പോൾ ഭൂമിയിലെ ജൈവവൈവിധ്യം അപകടത്തിലായി
പല സസ്യ-ജന്തു വർഗങ്ങളും ഭൂമിയിൽ നിന്ന്
ഇല്ലാതായി .ഇനിയും പലതും നാശത്തിന്റെ വക്കിലാണ്

By സഞ്ജയ് വിനോദ് ൻ.❂

# എന്റെ ഗ്രാമം

ഓർക്കുന്നു ഞാനിന്ന് ദൈവനാടിന്റെ
ആ ഭംഗി. ഓർക്കാതിരിക്കാൻ എ
നിക്ക് ആവില്ല മകരമാസത്തിന്റെ
മഞ്ഞിൽ വിരിയുന്ന പൂക്കളെ
കാണുവാൻ
എന്തു ഭംഗികള കള ശബ്ദമായി
നിദ്രയുണർത്തുന്നകിളികളെ
കാണുവാൻ എന്തു ഭംഗി
കുന്നും മലകളും പാടങ്ങളും ഉള്ള
ഒരു കൊച്ചു ഗ്രാമമാണെൻ ഗ്രാമം
നിദ്ര ഉണർന്നുഞാൻ നേരേ നടന്നല്ലോ
കൊച്ചു പാടവരമ്പിലൂടെ.

മകരമാസത്തിന്റെ മഞ്ഞിൻ കണങ്ങളിൽ
മഞ്ഞുപോൽ തഴുകിയ പുല്ലിലൂടെ
വിദ്യാലയങ്ങൾക്ക് അവധിയുണ്ടാകുമ്പോൾ
കുട്ടികൾ തെരുവിൽ അലഞ്ഞിടുന്നു
മീൻ പിടിച്ചും തുമ്പി പിടിച്ചും
ചെളിയിൽ കളിച്ചും നടന്നീടുന്നു.
പുളിയും മാങ്ങയും പങ്കിട്ടുതിന്നും
കുട്ടികൾ തിമിർത്താടുന്നു
കുന്നിലെ മരമില്ല പാടങ്ങളിന്നില്ല
ഉഴുതുമറിയില്ല പാട്ടുമില്ല
സൗഭാഗ്യങ്ങളിങ്ങനെ ചേർന്നുനിന്നിട്ടും
എന്തേ ഇന്നാർക്കും സമയമില്ല.

-അനില കെ .എസ്
8.A

# മണ്ണിൻെറ മക്കൾ

താത്തിനന്തകതെയ്യാര തകതിനന്തിനം

തെയ്യാര താത്തിനന്തകതകതിനന്തക

താരതിനന്തക തെയ്യാര

കന്നികൊയ്ത്തായ് നെൽപാടം പുൽമേടായി

പൂത്തുലഞ്ഞുകതിർ പൂവണിഞ്ഞുകതിർ

ചേറിൻെറ ഗന്ധമായി

താത്തിനന്തകതെയ്യാര തകതിനന്തക

തെയ്യാരതാത്തിനന്തകതകതിനന്തക

താരതിനന്തക തെയ്യാര കറ്റമെതിക്കാനായ്

പുൽനാമ്പുകളെത്തി നോക്ക സുന്ദരിമാർവന്നു

താരാട്ടുപാടീട്ട് കൈവളതാളം കൊട്ടി

താത്തിനന്തകതെയ്യാര തകതിനന്തിനം തെയ്യാര

താത്തിനന്തകതകതിനന്തക താരതിനന്തക

തെയ്യാര

*പാട്ടിൻ ചുവടുവച്ച അരിവളിൻ*

*തിളക്കം മിന്നി പൂമ്പാറ്റകളെത്തി*

*പൂമ്പൊടിയുമായി മണ്ണിൻെറ മക്കളെത്തി*

*താത്തിനന്തകതെയ്താര*

*തകതിനന്തകതെയ്താര*

*താത്തിനന്തകതകതിനന്തക താരതിനന്തക*

*തെയ്താര*

*രചന :വിദ്യ .പി*

# അമ്മ

അമ്മ വെറും രണ്ടക്ഷരമല്ല അത് അമ്മയെന്ന വാക്കിന് അർത്ഥങ്ങൾ ഒരുപാട് സ്നേഹവും വാത്സല്യവും  ശകാരവും പിണക്കവും ആശ്വാസവുമെല്ലാം ഈ ഒറ്റ വാക്കിലൂടെ നമുക്ക് ലഭിക്കുന്നു. അമ്മയെന്ന വാക്ക് ഉച്ചരിക്കുമ്പോൾ തന്നെ ഓരോവ്യക്തിയുടെയും മനസ്സിലേക്ക് കടന്നുവരുന്നവികാരങ്ങൾ തന്നെ   എത്ര

യധികമായിരിക്കും ഒരു കുഞ്ഞിന്റെ വളർച്ചയ്ക്കാവശ്യമായ മുലപ്പാൽ മാത്രമല്ല കുഞ്ഞിന്റെ വ്യക്തിത്വം വികസിപ്പിക്കുന്നതിലും ഒരമ്മ വലിയസ്ഥാനം വഹിക്കുന്നു കുഞ്ഞ് ആദ്യമായി പറയുന്ന രണ്ടക്ഷരം "അമ്മ" എന്നതാണ്. ഒരുകുഞ്ഞിനെ ആദ്യമായി സ്വാധീനിക്കുന്ന വ്യക്തി അമ്മയാണ്.

ദൈവം സ്വർഗ്ഗത്തെ അമ്മയുടെ മുമ്പിൽ കൊണ്ടുവെച്ചു .
ഓരോകുഞ്ഞിന്റെയും സ്വർഗ്ഗം അവന്റെ അമ്മയാണ് . ഒരു കുഞ്ഞിന് ആവശ്യമായ പരിചരണവും കരുതലും ഒരമ്മയിൽനിന്നുമാത്രമേ ലഭിക്കുകയുള്ളൂ.
മാതാ,പിതാ,ദൈവം

എന്നാണല്ലോ. ദൈവത്തെക്കാളും ഗുരുവിനെക്കാളും പിതാവിനെക്കാളും മാതാവിനെയാണ് നാം കൂടുതൽ വണങ്ങേണ്ടത്. മക്കൾക്ക് ആവശ്യമായത് നൽകിയില്ലെങ്കിൽ അമ്മയ്ക്കൊന്നും സംഭവിക്കുകയില്ല .

പക്ഷെ അമ്മമാരെല്ലാം മക്കൾക്കായി ആഗ്രഹിക്കുന്നു.
കരുതിവെയ്ക്കുന്നു. താൻ ഉണ്ടില്ലെങ്കിലും തന്റെ
വിശപ്പ്മാറിയില്ലെങ്കിലും തങ്ങളുടെ മക്കളുടെ
വയറുനിറയണമെന്ന് അവർ
അതിനുവേണ്ടി സ്വന്തം ആരോഗ്യം മറക്കുന്നു.
അമ്മയെ സ്നേഹിക്കുക. അമ്മയാണ്എല്ലാം.

സനിയ.പി.സണ്ണി

# കേരളത്തിന്റെ ചിറാപുഞ്ചി എവിടെയാണ് മറയുന്നത്

പ്രണയവും കോട്ടംവരൾച്ചയും ഇപ്പൾ ഒരുപ്പോലെ പരിചിതമാണ് വയനാട്ടുകാർക്ക്. പ്രക്രതി കൊഞ്ചിച്ച് കൊഞ്ചിച്ചവശളായ ഒരു ജനതയാണോനാമെന്ന് സംശയിക്കേണ്ടിയിരിക്കുന്നു.ടൂറിസത്തിന്റെയും വികസനത്തിന്റെയും പേരിൽ പുതിയകാല പരിക്ശണങ്ങൾ വയനാട്ടിൽ മത്സര ബുദ്ധിയോടെ സജീവമാകുമ്പോൾ നോവുന്നത് മണ്ണിന് മാത്രമല്ല പ്രകൃതിയെ സ്നേഹിക്കുന്ന ഹ്രദയങ്ങൾക്കും കൂടിയാണ്. തിയഡർ റൊസാക്ക്എന്ന ചിന്തകന്റെ വാക്കുകൾ ശ്രദ്ധിക്കുക . മനുഷ്യൻ രണ്ടു കാലിൽ നിവർന്നു നിന്നതോടെ ഭ്രനിയുടെ ഗന്ധം എന്നേയ്ക്കുമായി നമുക്ക് നഷ്ടപ്പെട്ടുവെന്ന്.ഇതിന്റെ ഭവിഷത്തുകൾ ഒഴിഞ്ഞുയറാൻ കഴ്യാത്തവിധം നമുക്ക് ചുറ്റുമുണ്ട്.

കേരളത്തിന്റെ ചിറാപൂഞ്ചി എന്ന വിശേഷണം ലക്കടി മറന്നു തുടങ്ങി. കുന്നുകളും കാട്ടുകളും പാറക്കെട്ടുകളും ചെടികളും വയനാട് ഉപേക്ഷിച്ച് പലായനം തുടഹ്ങി. ചിലത് നഗരങ്ങളിലേക്ക് രൂപം മാറി ചേക്കേറിയിരിക്കുന്നു. പകരം ഉഷ്ണയേയലയിൽ യാത്ര കാണുന്ന പാർത്തിയം,ലെന്താന,മൈക്കാനിയ തുടങ്ങിയ മുപ്പതോളം സസ്യങ്ങളും മയിൽ ,നീലകുരുവി

തുടങ്ങയ പക്ഷികളും വയനാട്ടിൽ കണ്ടു തുടങ്ങിയത് കടുത്ത ദുരന്തത്തിന്റെ സൂചനകളാണ്.കാലിലെ പെരുവിരലൂ-ന്നിയാൽപോലുംഇവിടെ വെള്ളം ലഭിച്ചിരുന്നുവെന്ന് പഴമക്കാർ ഓർക്കുന്നു.എന്നാൽ ഈ മണ്ണിന്റെ സ്വഭാവികത നഷ്ടപ്പെട്ടുതുടങ്ങി എന്നതിന്റെ തെളിവാണ് കഴിഞ്ഞ വേനൽക്കാലത്ത് ബാണാസുര സാഗർ അണക്കെട്ടിന്റെവരണ്ട അടിത്തട്ടിലെ ചൂട് താങ്ങാനാവാതെ ചത്തതവളക്കൂട്ടങ്ങളും ചെമ്പ്രമലയുടെ താഴ്വാരങ്ങളിൽ അപ്രത്യക്ഷമായ തവളകളും.

ഇതൊക്കെ കേൾക്കുമ്പോൾ നാം ചോദിക്കും തവളയും മണ്ണിരയും ചത്താൽ നമുക്കെന്ത് പക്ഷേ നാമോർക്കുക ഒരു നാട് വാസയോഗ്യമല്ലാത്ത ആകുന്നതിന് മുന്നറിയിപ്പാണിത്. പ്രകൃതിയോടുള്ള പൊതുസമൂഹത്തിന് സമീപനമാണ് ഇനി മാറേണ്ടത്. പത്തൊമ്പതാം നൂറ്റാണ്ടിൽ റെഡ് ഇന്ത്യക്കാരുടെ ഭൂമി അമേരിക്കക്കാർ കയ്യേറിയപ്പോൾ സിയാറ്റിൻ മൂപ്പൻ അമേരിക്കൻ പ്രസിഡണ്ടിന് എഴുതിയ കത്ത് നാം വായിക്കുന്നത് നല്ലതാണ്. എങ്ങനെയാണ് ആകാശവും ഭൂമിയും വിൽക്കാനും വാങ്ങാനും കഴിയുക ഓരോ ഇലയും മണൽ തരിയും മഞ്ഞു തുള്ളികളും പുൽക്കൊടിയും പ്രാണിയും വിശുദ്ധമാണ്.

പുഴകളിലൂടെ ഒഴുകുന്നത് വെറും ജലമല്ല പൂർവികരുടെ രക്തമാണ് ഞങ്ങൾ കുട്ടികളെ പഠിപ്പിച്ചത് എന്തോ അത് നിങ്ങളുടെ കുട്ടികളെയും പഠിപ്പിക്കാമോ ഭൂമി നമ്മുടെ അമ്മയാണ് പ്രകൃതിയെ പൂർവ്വികരുടെയും തന്നെയും രക്തമായും

മാംസവുമായി  കരുതുന്ന  ഈ മൂപ്പനെ വിശാലമായ ഹൃദയം എത്ര വട്ടം ഓർമ്മിച്ചാൽ ആണ് നാം ഒന്ന് നന്നാവും വയനാട്ടിലെ പാകം കുറുമ ആദിവാസി ഗ്രാമവും ഇങ്ങനെയൊരു പാഠം നമ്മെ പഠിപ്പിക്കുന്നുണ്ട്ജലസംരക്ഷണത്തിന്റെ  വിജയ കഥ പറയുന്ന ഒരു കേണി അവിടെ ഉണ്ട്.  പുളിച്ചോറ് നീക്കംചെയ്ത് പനംകുറ്റി മരക്കുറ്റി ഉപയോഗിച്ച് നിർമിക്കുന്ന കൊച്ചി കിണറാണ് കെണി ഒരുകാലത്ത് വയനാട്ടിൽ ധാരാളം  കെണികൾ ഉണ്ടായിരുന്നുവെങ്കിലും അവൾ അവഗണനകൊണ്ടും
 പരിഷ്കാരങ്ങൾ കൊണ്ടും പലതും നശിച്ചുപോയി ഇത്തവണ കടുത്ത-
വേനലിൽ ചുറ്റുവട്ടമുള്ള കിണറുകൾ വറ്റി എപ്പോഴും പാകത്തിന് നിറഞ്ഞൊഴുകിയിരുന്ന അരികിലുള്ള കെണിയിൽനിന്ന് പുലർച്ചെ ഒരു കുടം വെള്ളം വീട്ടിലെത്തിയതോടെയാണ് ഈ ഗ്രാമത്തിലെ ദിനചര്യകൾ ആരംഭിക്കുന്നത് ദൈവമായി കരുതുന്ന കെണിയുടെ സമീപത്തുനിന്ന് അശുദ്ധമായ എല്ലാം അകറ്റി നിർത്തി പരിപാവനമായി സംരക്ഷിക്കുന്നുണ്ട് ജനനം മുതൽ മരണംവരെയുള്ള വിശ്വാസപരമായ ചട്ടങ്ങൾക്ക് കെണിയില് ജലം ഒഴിച്ചുകൂടാനാവാത്തതാണ് സംഭവിക്കുന്ന രോഗങ്ങളുംക്ഷാമവും മരണവും  ദൈവകോപം ആയി ഇവർ കരുതി  പാക്കത്തെ കെണി ആദിമജനത ആധുനിക ലോകത്തിന് നൽകുന്ന പ്രകൃതിസംരക്ഷണത്തിന് നല്ല പാഠമാണ്.



**ഇനിയും കൊടും വരൾച്ചയും പ്രളയവും നമ്മെ തോൽപ്പിക്കാൻ**

ഇരിക്കാൻ പ്രകൃതിയോടുള്ള നമ്മുടെ മനോഭാവത്തിലും വികസന സങ്കൽപത്തിൽ കാതലായ അഴിച്ചുപണി നടത്തുക മാത്രമാണ് പോംവഴി. ഇനിയും കൊടും വരൾച്ചയും പ്രളയവും നമ്മെ തോൽപ്പിക്കാൻ ഇരിക്കാൻ പ്രകൃതിയോടുള്ള നമ്മുടെ മനോഭാവത്തിലും വികസന സങ്കൽപത്തിൽ കാതലായ അഴിച്ചുപണി നടത്തുക മാത്രമാണ് പോംവഴി. അതിന് സിയാറ്റിൻ മൂപ്പൻ വാക്കുകളും കെണി പഠിപ്പിക്കുന്നതിന് കരുതലിനെ കഥകളും നാം പലവട്ടം ആവർത്തിച്ച് വായിക്കണമെന്നും മാത്രം.



## ഫാ: ബിജു ജോർജ് എസ്.ജെ

# കലയിലൂടെ







എൽസിറ്റ് മരിയാ
8-A



അബിയ എസ് എ
9-B







അബിയാ S.A



GOPIKA RAMAN
9-B





അബിൻ k.r

8-D









ഗോപിക രാമൻ

9-B

# കലകൾ







ALNA EMY JHON
10-A
(work experians
fabrek paint)



Sourav kuriakose
9-A



# ചിത്രങ്ങൾ






Athul krishna
9-A

# കലയിലൂടെ









## രാജേഷ് അജ്ജിലയൻ
## (ആർട്ട് സാർ)

# സംസ്ഥാനതല മത്സരങ്ങളിലെ മികവാർന്ന വിജയം നേടിയവർ










നയനാനന്ത് എം പി
Science Seminar (A Grade)


ഡോൺ കുര്യൻ
100 met Freestyle (7th)


ആൽവിൻ തോമസ്
50 kg Karate Championship (5th)

# നിമിഷങ്ങളിലൂടെ

## ലിറ്റിൽ കൈറ്റ്...









# നിമിഷങ്ങളിലൂടെ

## മലയള തിളക്കം








# നിമിഷങ്ങളിലൂടെ

## ഹലോ ഇംഗ്ലീഷ്





# നിമിഷങ്ങളിലൂടെ

## സേനാ ദിനം





# നിമിഷങ്ങളിലൂടെ

## ശിശു ദിനം







# നിമിഷങ്ങളിലൂടെ

## വെള്ളപ്പൊക്ക സ്കോളർഷിപ്പ്






# നിമിഷങ്ങളിലൂടെ

## ഫുട്ബോൾ ലോകകപ്പ്







# നിമിഷങ്ങളിലൂടെ

## പരിസ്ഥിതി ദിനം







# നിമിഷങ്ങളിലൂടെ

## പരിസ്ഥിതി ക്ലബ്ബ് പ്രവർത്തനങ്ങൾ





# നിമിഷങ്ങളിലൂടെ

## കുച്ചിപ്പുടി





# നിമിഷങ്ങളിലൂടെ

## എൻ എസ് എസ് ക്യാമ്പ്





# നിമിഷങ്ങളിലൂടെ

## അവാർഡ് ദിനം









# നിമിഷങ്ങളിലൂടെ

## സ്കൗട്ട് ക്യാമ്പ്





# നിമിഷങ്ങളിലൂടെ

## ഭിന്നശേഷി ദിനാചരണം









# നിമിഷങ്ങളിലൂടെ

## +1 പ്രവേശനം








# എൽ.പി. വിഭാഗം



1-A



1-B



II-A



II-B



III-A



III-B



IV-A



IV-B

# യു.പി. വിഭാഗം



V-A



V-B



V-C



VI-A



VI-B



VI-C



VII-A



VII-B



VI-C

# H.S വിഭാഗം



VIII-A



VIII-B



VIII-C



VIII-D



VIII-E



IX-A



IX-B



IX-C



X-A



X-B



X-C

# നന്ദി

തണൽ ഡിജിറ്റൽ മാഗസീനിലേക്ക്
രചനകൾ തന്ന കൂട്ടുകാർക്കും
അദ്ധ്യാപകർക്കും
ലിറ്റിൽ കൈറ്റിന്റെ
ഹൃദയം നിറഞ്ഞ
നന്ദി......



സൗരവ് കുര്യക്കോസ്
( എഡിറ്റർ)


LITTLE KITES 2018-19